



# നവീനഭൂമി

NAVEENA BHUMI
( Malayalam Fortnightly Newspaper)
Published from Kochi





Estd. 2002 KERMAL 15439 | Highlighting on Cultural, Political, Educational, Health & Commercial fields | 2023 മെയ് 1 – 15 പുസ്തകം 10 ലക്കം 3 പേജ് 4 വില 5.00 | E-mail: naveenabhumi@gmail.com

## താനൂർ ബോട്ട് അപകടം: മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു



മലപ്പുറം: താനൂർ ബോട്ട് അപകടത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. താനൂരിൽ ബോട്ട് മുങ്ങി 22 പേരാണ് മരിച്ചത്. സംഭവത്തിൽ മലപ്പുറം ജില്ലാ കളക്ടറും ജില്ലാ പോലീസ് മേധാവിയും ആലപ്പുഴ ചീഫ് പോർട്ട് സർവേയറും പത്തുദിവസത്തിനകം വിശദീകരണം നൽകണം. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് നടപടി. കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥാണ് ജില്ലാ കളക്ടറോടും ജില്ലാ പോലീസ് മേധാവിയോടും ആലപ്പുഴ ചീഫ് പോർട്ട് സർവേയറോടും വിശദീകരണം ആവശ്യപ്പെട്ടത്. മേയ് 19-ന് താനൂരിൽ നടക്കുന്ന സിറ്റിങ്ങിൽ കേസ് പരിഗണിക്കും.

അതേസമയം, ബോട്ട് അപകടത്തിൽ സംസ്ഥാന സർക്കാർ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിരുന്നു. അപകടസ്ഥലത്ത് എത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ ഉന്നതതല യോഗത്തിന് പിന്നാലെയാണ് ഇക്കാര്യം അറിയിച്ചത്. സാങ്കേതിക വിദഗ്ധരടക്കം ഉൾപ്പെട്ട ജുഡീഷ്യൽ കമ്മീഷനാകും അന്വേഷണം നടത്തുക. അതേസമയം, മരിച്ചവരുടെ കുടുംബങ്ങൾക്ക് പത്തുലക്ഷം രൂപ വീതം ധനസഹായം നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചിരുന്നു. ചികിത്സയിൽ കഴിയുന്നവരുടെ ചികിത്സാ ചെലവ് സർക്കാർ ഏറ്റെടുക്കും എന്നും മുഖ്യമന്ത്രി പറഞ്ഞു. മരിച്ചവരുടെ കുടുംബത്തിന് രണ്ടുലക്ഷം രൂപ സഹായധനം നൽകുമെന്ന് പ്രധാനമന്ത്രിയും അറിയിച്ചിരുന്നു.

## ചാൾസ് മൂന്നാമൻ ബ്രിട്ടനിലെ രാജാവ്



ചാൾസ് മൂന്നാമൻ രാജാവും കാമില രാജ്ഞിയും കിരീടധാരണത്തിനുശേഷം ബെക്കിംഗ്ഹാം കൊട്ടാരത്തിൽ

ലണ്ടൻ: ഈ നൂറ്റാണ്ടിൽ ആദ്യമായി ബ്രിട്ടനിൽ ഒരു രാജാവ് കിരീടം ധരിച്ച് യുണൈറ്റഡ് കിങ്ഡത്തിന്റെയും 14 കോമൺവെൽത്ത് മേഖലയുടെയും രാജാവായി. ചാൾസ് മൂന്നാമനും കാമില രാജ്ഞിയും ബെക്കിംഗ്ഹാം കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ നിന്ന് അഭിവാദ്യം സ്വീകരിച്ചപ്പോൾ വലിയ സ്ക്രീനുകളിൽ തൽസമയ സംപ്രേഷണം കണ്ടിരുന്ന ജനം കയ്യടിച്ച് ആർത്തുവിളിച്ചു.

ചാൾസ് രാജാവിന്റെ മൂത്തമകനും കിരീടാവകാശിയുമായ വില്യം രാജകുമാരൻ വെസ്റ്റ് മിൻസ്റ്ററിലെ ചടങ്ങിൽ ഭാര്യ കെയ്റ്റിനും മക്കൾക്കുമൊപ്പം മുൻനിരയിലുണ്ടായിരുന്നു. ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനക്, യു.എസ്. പ്രഥമ വനിത ജിൽ ബൈഡൻ, ഇന്ത്യയുടെ ഉപരാഷ്ട്രപതി ജഗദീപ് ധൻകർ, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോ, നെതർലാൻഡ്സ് രാജാവ് വില്ലെം അലക്സാണ്ടർ, ഫുഡ്ബോൾ ഇതിഹാസം ഡേവിഡ് ബെക്കാം, വിക്ടോറിയ ബെക്കാം, ഗായകരായ കെയ്റ്റി ബറി, ലയണൽ റിച്ചി, നടി സോനം കപൂർ തുടങ്ങി 2200-ഓളം പേർ കീരിടധാരണച്ചടങ്ങിൽ പങ്കെടുക്കാൻ എത്തിയിരുന്നു.

## മന്ത്രിസഭ പുനഃസംഘടിപ്പിക്കാൻ സ്റ്റാലിൻ; പളനിവേലിനെ മാറ്റുമോയെന്ന ആകാംക്ഷയിൽ തമിഴകം



എം.കെ. സ്റ്റാലിൻ

ചെന്നൈ: തമിഴ്നാട്ടിൽ മന്ത്രിസഭാ പുനഃസംഘടനക്ക് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ പദ്ധതിയിടുന്നതായി റിപ്പോർട്ട്. എം.കെ.സ്റ്റാലിനും കുടുംബത്തിനും എതിരെ ധനമന്ത്രി പളനിവേൽ ത്യാഗരാജൻ സംസാരിക്കുന്നതിന്റെ ഓഡിയോ ക്ലിപ്പുകൾ പുറത്തുവന്ന പശ്ചാത്തലത്തിലാണ് തീരുമാനം എന്നാണ് വൃത്തങ്ങളെ ഉദ്ധരിച്ച് എൻ.ഡി.ടി.വി. റിപ്പോർട്ട് ചെയ്യുന്നത്. മുഖ്യമന്ത്രി ഈമാസം അവസാനം വിദേശത്തേക്ക് പോകാനിരിക്കുകയാണ്.

അതിനാൽ അടുത്ത രണ്ടാഴ്ചയ്ക്കുള്ളിൽ തമിഴ്നാട് മന്ത്രിസഭാ പുനഃസംഘടന പ്രതീക്ഷിക്കുന്നതായാണ് വൃത്തങ്ങൾ പറയുന്നത്. മന്നാർഗുഡി മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഡി.എം.കെ. എം.എൽ.എ.യായ ടി.ആർ.ബി. രാജയെ മന്ത്രിസഭയിൽ ഉൾപ്പെടുത്തിയേക്കും എന്നാണ് ഡി.എം.കെ. വൃത്തങ്ങൾ പറയുന്നത്. മൂന്നുതവണ എം.എൽ.എയായ ടി.ആർ.ബി. രാജ ഡി.എം.കെ. എം.പി.യും മുൻ കേന്ദ്രമന്ത്രിയുമായ ടി.ആർ. ബാലുവിന്റെ മകനാണ്.

ശങ്കരൻകോവിൽ എം.എൽ.എ. ഇ. രാജയുടെ പേരും മന്ത്രിസ്ഥാനത്തേക്ക് ഉയർന്നുകേൾക്കുന്നുണ്ട്. നിലവിൽ സംസ്ഥാന മന്ത്രിസഭയിൽ 53 മന്ത്രിമാരാണുള്ളത്. സംസ്ഥാനത്തെ മൊത്തം എം.എൽ.എ.മാരുടെ എണ്ണത്തിന്റെ 15% പേരും മന്ത്രിമാരാണ്. അതിനാൽതന്നെ മന്ത്രിസഭ പുനഃസംഘടിപ്പിക്കുമ്പോൾ നിലവിലെ മന്ത്രിമാർ രാജിവെക്കേണ്ടിവരും. മികച്ച പ്രകടനം കാഴ്ചവെക്കാത്ത രണ്ട് മന്ത്രിമാരെങ്കിലും രാജിവെക്കണം എന്ന് ഡി.എം.കെ. ആവശ്യപ്പെട്ടേക്കും.

## മോക്ക ചുഴലിക്കാറ്റ്: കേരളത്തിൽ രണ്ടു ജില്ലകളിൽ യെല്ലോ അലർട്ട്



ബംഗാൾ ഉൾക്കടലിൽ മോക്ക ചുഴലിക്കാറ്റ് രൂപംപ്രാപിക്കുന്നു. എന്നാൽ കേരളത്തെ ചുഴലിക്കാറ്റ് നേരിട്ട് ബാധിക്കില്ലെന്നാണ് വിവരം. എങ്കിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. സംസ്ഥാനത്ത് രണ്ടു ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. പത്തനംതിട്ട, ഇടുക്കി ജില്ലകളിലാണ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്.

തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിലും മധ്യകിഴക്കൻ ബംഗാൾ ഉൾക്കടലിലുമായി നിലനിൽക്കുന്ന തീവ്ര ന്യൂനമർദ്ദമാണ് മോക്ക ചുഴലിക്കാറ്റായി മാറുന്നത്. വടക്ക്-വടക്ക് പടിഞ്ഞാറൻ ദിശയിൽ സഞ്ചരിക്കുന്ന മോക്ക, പിന്നീട് ബംഗ്ലാദേശ്, മ്യാൻമാർ തീരത്തേക്ക് നീങ്ങും. മണിക്കൂറിൽ 130 കിലോമീറ്റർ വരെ വേഗതയുണ്ടാകും.

## ഐ.എ.എസ്. തലപ്പത്ത് അഴിച്ചുപണി; എ.ഐ. ക്യാമറ ഇടപാട് അന്വേഷിക്കുന്ന ഉദ്യോഗസ്ഥനെയും സ്ഥലം മാറ്റി



പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഐ.എ.എസ്. തലപ്പത്ത് വൻ അഴിച്ചുപണി. എ.ഐ. ക്യാമറ ഇടപാട് അന്വേഷിക്കുന്ന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷിനെ ആദ്യം റവന്യൂ വകുപ്പിലേക്കും പിന്നീട് മണിക്കൂറുകൾക്കകം ആരോഗ്യവകുപ്പിലേക്കും സ്ഥലംമാറ്റി.

വിവാദത്തിൽ അന്വേഷണം പൂർത്തിയാകും മുമ്പാണ് സ്ഥലംമാറ്റം. ക്യാമറ ഇടപാട് സംബന്ധിച്ച റിപ്പോർട്ട് ഹനീഷ് രണ്ടുദിവസത്തിനകം സമർപ്പിക്കുമെന്നാണ് വിവരം.

കഴിഞ്ഞദിവസം ഇറങ്ങിയ ഉത്തരവിൽ ഹനീഷിന് റവന്യൂ ദുരന്തനിവാരണ വകുപ്പിലേക്കായിരുന്നു മാറ്റം. ഉത്തരവിറങ്ങി മണിക്കൂറുകൾക്കകം തിരുത്തുവന്നു. ഹനീഷിനെ ആരോഗ്യ സെക്രട്ടറിയായി നിയമിച്ചു. പുതിയ വ്യവസായ വകുപ്പ് സെക്രട്ടറിയായി സുൻ ബില്ലയെ നിയമിച്ചു. ആരോഗ്യ സെക്രട്ടറിയായിരുന്ന ടിങ്കു ബിസ്വാൾ റവന്യൂ ദുരന്തനിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാകും.

സാമൂഹ്യനീതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായ റാണി ജോർജ് വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാകും. രജിസ്ട്രേഷൻ ഐ.ജി.യായിരുന്ന ഇമ്പശേഖറിനെ കാസർകോട് കളക്ടറായി നിയമിച്ചു.

ചീഫ് സെക്രട്ടറി വി.പി. ജോയിക്ക് ഉദ്യോഗസ്ഥഭരണ പരിഷ്കരണ വകുപ്പിന്റെ അധിക ചുമതല നൽകി. ഐ.ടി. സെക്രട്ടറി രത്തൻ ഖേൽക്കറിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല കൂടി ഉണ്ടായിരിക്കും. ഡോ. ഷർമിള മേരി ജോസഫിന് തദ്ദേശ വകുപ്പ് ചുമതലയ്ക്ക് പുറമെ സാമൂഹ്യനീതി വകുപ്പിന്റെ കൂടി ചുമതല നൽകി.

## മണിപ്പൂർ സംഘർഷം: ഒൻപത് വിദ്യാർത്ഥികളെ കേരളത്തിലെത്തിച്ചു



സംഘർഷവും ക്രമസമാധാന പ്രശ്നങ്ങളും നിലനിൽക്കുന്ന സാഹചര്യത്തിൽ മണിപ്പൂരിൽ നിന്നും മലയാളി വിദ്യാർത്ഥികളേയും മറ്റുള്ളവരേയും സുരക്ഷിതരായി നാട്ടിലെത്തിച്ചു.

ഇംഫാലിൽ നിന്നും വിമാനമാർഗ്ഗം ബംഗലൂരുവിലും തുടർന്ന് ഇവരെ ബസ് മാർഗ്ഗവുമാണ് നാട്ടിലെത്തിച്ചത്. വിമാന ചെലവുൾപ്പെടെയുള്ളവ നോർക്ക റൂട്ട്സ് വഹിച്ചു.

കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളിൽ നിന്നുള്ളവരാണ് തിരിച്ചെത്തിയത്. മണിപ്പൂരിലെ മലയാളികളുടെ വിവരങ്ങൾ നോർക്ക റൂട്ട്സ് ഗ്ലോബൽ കോണ്ടാക്ട് സെന്ററിൽ അറിയിക്കാം. ടോൾഫ്രീ നമ്പർ –1800 425 3939.

## 2027 – ഓടെ ഇന്ത്യയിൽ ഡീസൽ കാറുകൾ നിരോധിക്കണമെന്ന് നിർദേശിച്ച് സർക്കാർ സമിതി



മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 2027-ഓടെ ഡീസൽ കാറുകൾക്ക് പൂർണ നിരോധനം ഏർപ്പെടുത്താൻ നിർദേശിച്ച് സർക്കാർ സമിതി. ഡീസൽ ഇന്ധനമായി ഉപയോഗിക്കുന്ന നാലുചക്രവാഹനങ്ങൾക്ക് നിരോധനം ഏർപ്പെടുത്താനാണ് പെട്രോളിയം മന്ത്രാലയത്തിന്റെ എനർജി ട്രാൻസിഷൻ അഡ്വൈസറി കമ്മിറ്റി റിപ്പോർട്ടിൽ നിർദേശിച്ചിരിക്കുന്നത്. മുൻ പെട്രോൾ സെക്രട്ടറി തരുൺ കപൂറിന്റെ നേതൃത്വത്തിലുള്ള പാനലാണ് ഈ നിർദേശം മുന്നോട്ട് വെച്ചിരിക്കുന്നത്.

പ്രധാനമായും നഗരപരിധിയിലുള്ള ഡീസൽ വാഹനങ്ങളെയാകും ഇത് ബാധിക്കുക. 10 ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങളിലായിരിക്കും ആദ്യം നിരോധനം നി

...യ നാലുചക്ര വാഹനങ്ങളുടെ നിരോധനം ഉറപ്പാക്കണമെന്നും ...ലക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. 2024-ഓടെ ...മെന്നും സമിതിയുടെ റിപ്പോർട്ടിൽ പറയുന്നു.



# നവീനഭൂമി

2023 മെയ് 1 – 15 പുസ്തകം 10 ലക്കം 3


## ആഭ്യന്തര – ആരോഗ്യ വകുപ്പുകളുടെ അശ്രദ്ധയും അനാസ്ഥയും

മാനവ മനസാക്ഷിയെപ്പോലും മരവിപ്പിക്കുന്ന മഹാദുരന്തങ്ങളും ആപത്തുകളും അപകടങ്ങളും ലോകത്തെമ്പാടും നടക്കുന്നുണ്ടെന്നുള്ളത് ഒരു വേദന നിറഞ്ഞ നേരാണ്. ഉരുൾപൊട്ടൽ, മലയിടിച്ചിൽ, ജലപ്രളയം, ചുഴലിക്കാറ്റ്, കടൽക്ഷോഭം, മിന്നൽ, ഇടിവെട്ട് തുടങ്ങിയുള്ള പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കെടുതികൾ വിവരണാതീതമാണ്. അവയെ ചെറുക്കാനോ തടുക്കാനോ മനുഷ്യരാശിക്ക് സാധ്യമല്ല. തൻനിമിത്തമുണ്ടാകുന്ന വിവരണാതീതമായ നാശനഷ്ടം മനുഷ്യവർഗ്ഗവും പക്ഷിമൃഗാദികളും വൃക്ഷലതാദികളും സഹിച്ചേ പറ്റൂ എന്നു പറയാതെ വയ്യ. എന്നാൽ മനുഷ്യനിർമ്മിത ദുരന്തങ്ങൾ, അപകടങ്ങൾ, ആപത്തുകൾ, ശുദ്ധതട്ടിപ്പുകൾ, ഏറ്റുമുട്ടലുകൾ, ജാതി–മത–സവർണാ–വർണ, ദരിദ്ര സമ്പന്നരെന്നൊക്കെയുള്ള മനുഷ്യത്വവിരുദ്ധ നയങ്ങളും നിലപാടുകളും ഞാനെന്ന നികൃഷ്ടഭാവങ്ങളും എന്നെക്കവിഞ്ഞാരുമില്ലെന്ന മിഥ്യാബോധവും സൃഷ്ടിച്ചുകൂട്ടുന്ന കാടത്തങ്ങൾക്കും ക്രൂരതകൾക്കും എന്തിനേറെ, കൊലപാതകങ്ങൾക്കുപോലും നമ്മൾ – ജനങ്ങൾ മറുപടി പറയണം – പരിഹാരം കണ്ടെത്തണം എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇന്നിവിടെ താനൂർ ബോട്ട് ദുരന്തവും തൊട്ടുപിന്നാലെയുണ്ടായ ഡോ. വന്ദനയുടെ കൊലപാതകവും സൃഷ്ടിച്ച ദുസ്സഹായാവസ്ഥയിൽ നമ്മുടെ നാട് നീറുകയാണ്. ആഭ്യന്തര – ആരോഗ്യ വകുപ്പുകളുടെ നഗ്നമായ അശ്രദ്ധയും അനാസ്ഥയും അവഗണനയും മൂലമുണ്ടായ ഈ അപരിഹാര്യമായ കെടുതികൾക്ക് സർക്കാരും ബന്ധപ്പെട്ടവരും ഉത്തരം പറഞ്ഞേ മതിയാവൂ.

പറഞ്ഞറിഞ്ഞു കേട്ടിടത്തോളം ഒരു കാരണവശാലും സർവീസ് നടത്താൻ കൊള്ളാത്ത ഒരു പഴഞ്ചൻ ബോട്ടാണ് ഒരു സുരക്ഷാ ഉറപ്പുമില്ലാതെ സർവീസ് നടത്തി അപകടത്തിൽപ്പെട്ടത്. പണത്തോടുള്ള അമിതമായ ആർത്തിയും അത്യാഗ്രഹവും ദാഹവും മോഹവുമാണ് ഈ അപകടത്തിന് കാരണമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. വിശുദ്ധ സത്യപുസ്തകത്തിൽ (ബൈബിൾ) “For the Love of Money is the Root of All Evils” എന്നൊരു വിശുദ്ധവചനമുണ്ട്. നമ്മുടെ സമൂഹത്തിലെ സാർവത്രികയും സർവതോന്മുഖവുമായ എല്ലാ ദുഷ്പ്രവൃത്തികൾക്കും അനർത്ഥങ്ങൾക്കും ആധാരമായി നിലകൊള്ളുന്ന പണത്തോടുള്ള അമിതമായ ആഗ്രഹം ആപത്തുകളേ ഉണ്ടാക്കിയിട്ടുള്ളൂ എന്ന സത്യം ആരും വിസ്മരിക്കാതിരിക്കുക. നിഷ്പക്ഷമായി നിയമം നടപ്പിലാക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ അത് നിസ്തുലമായി നിർവഹിച്ചിരുന്നുവെങ്കിൽ ഇങ്ങനെ ഒരു അപകടം ഉണ്ടാകുമായിരുന്നില്ല എന്നോർക്കണം. ദുരന്തത്തിനിരയായവരെ മന്ത്രിമാർ വന്നു കണ്ടതുകൊണ്ടോ, ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചതുകൊണ്ടോ ഒരു ചുക്കും സംഭവിക്കാൻ പോകുന്നില്ല.

ഇതിനു മുമ്പുണ്ടായ മൂന്നു ബോട്ടപകടങ്ങളെക്കുറിച്ച് വിശദമായ റിപ്പോർട്ടുകൾ പത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു പ്രയോജനവുമില്ലാതെ തൽക്കാലം ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ കമ്മീഷനുകളെ നിയമിച്ച് റിപ്പോർട്ടുകളുണ്ടാക്കി വാങ്ങി കൈകഴുകിക്കളയുന്ന സർക്കാർ പൊതുഖജനാവ് മുടിച്ചതല്ലാതെ എന്തു പ്രയോജനമാണുണ്ടാക്കിയത്? 22 ജീവനുകൾ നഷ്ടപ്പെടുത്തിയതിനൊപ്പം പൊതുഖജനാവിൽ നിന്ന് ജുഡീഷ്യൽ അന്വേഷണത്തിന് കുറേ പണം കൂടി ചിലവഴിക്കുകയല്ലാതെ മറ്റൊന്നും സംഭവിക്കാൻ പോകുന്നില്ല.

ഡോ. വന്ദനയുടെ കൊലപാതകം അത്യന്തം വേദനാജനകമാണ്. കുറ്റവാളിയെ വിലങ്ങുവെക്കാതെ കൊണ്ടുവന്ന പോലീസിന്റെ ശുദ്ധതെമ്മാടിത്തം ഒരു ജീവനാണ് അപഹരിച്ചത്. പോലീസിന്റെ മാത്രം നെറികെട്ട നിലപാടാണ് വന്ദനയുടെ ജീവനെടുക്കാൻ ഇടയായത്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട പോലീസുകാർക്ക് പ്രമോഷൻ നൽകി, ബന്ധപ്പെട്ട മന്ത്രിക്ക് ഒരു പൊൻതൂവൽ ചാർത്തി പ്രബുദ്ധ കേരളം, നമ്പർ വൺ ആയിക്കൊണ്ടിരിക്കട്ടെ!



# ജനാധിപത്യത്തെ നോക്കുകുത്തികളാക്കുന്നവർ....

കാരൂർ സോമൻ, (ചാരുംമുടൻ)

സന്ധ്യാപ്രകാശത്തിൽ തിളങ്ങുന്ന നക്ഷത്രങ്ങളെപോലെയാണ് ബ്രിട്ടനിലെ ജനാധിപത്യം എന്തെന്ന് ലോകത്തെ പഠിപ്പിക്കുന്നത്. കഴിഞ്ഞ മാസം ഇന്ത്യൻ വംശജനായ ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനാക്കിന് കാറിന്റെ പിൻസീറ്റിൽ സീറ്റ് ബെൽറ്റ് ഇടാഞ്ഞതിന്റെ പേരിൽ പോലീസ് പിഴ ചുമത്തി. ലോക ജനത സന്തോഷം നിറഞ്ഞ മിഴികളോടെയാണ് ആ കാഴ്ച്ച കണ്ടത്. ജനാധിപത്യത്തിന്റ മറവിൽ ഏകാധിപതികൾ ഭരിക്കുന്ന നാട്ടിലെങ്കിൽ പോലീസ് സല്യൂട്ട് ചെയ്യും. കാരണം സ്റ്റാലിനെപ്പോലുള്ള ഏകാധിപതികളെ പോലീസ് ഭയക്കുന്നു. ഇതിന് മുൻപും ഒരു ബ്രിട്ടീഷ് എം.പി. തന്റെ പൂന്തോട്ടത്തിലെ ജോലിക്ക് സർക്കാർ പണം എഴുതിയെടുത്തത് തിരികെ വാങ്ങിയിട്ട് താക്കിത് ചെയ്തു. എന്റെ ഫിൻലൻഡ് യാത്രയിൽ അവിടെ കണ്ടൊരു കാഴ്ച്ച വനിതാ പ്രധാനമന്ത്രി സർക്കാർ ഖജനാവിൽ നിന്ന് ഭക്ഷണത്തിന് പണമെടുത്തത് തിരികെ വാങ്ങി താക്കിത് ചെയ്തു. ദരിദ്ര രാജ്യങ്ങളിലെ അധികാരികൾ വിരുന്നുകൾ മാത്രമല്ല, പാവങ്ങളുടെ നികുതി പണം ധൂർത്തടിച്ചു ചിറകുകൾ വിടർത്തി ലോകമെങ്ങും സഞ്ചരിക്കുന്നു. നീതിന്യായ വകുപ്പുകളെ അട്ടിമറിക്കാൻ ശ്രമിച്ച ഇസ്രായേൽ പ്രധാനമന്ത്രിക്കെതിരെ ജനങ്ങൾ തെരുവിലിറങ്ങി. ഇത് വെളിവാക്കുന്നത് പ്രധാനമന്ത്രിക്കും മുകളിലാണ് ജനാധിപത്യം എന്നാണ്. ചില ഭരണാധിപന്മാർക്ക് ജനാധിപത്യം കുരങ്ങന്റെ കയ്യിലെ പൂമാലപോലെയാണ്. സമൂഹത്തിൽ അറിവും സംസ്കാരവും വളരുമ്പോൾ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് അത്യാർത്തി വർദ്ധിക്കുന്നു. അധികാരഭാരത്താൽ ആലസ്യംപൂണ്ട മഴമേഘങ്ങളെപോലെ ഇവർ തിമിർത്താടുന്നു.

ബ്രിട്ടീഷ് ഉപപ്രധാനമന്ത്രി ഡൊമിനിക് റാബിന്റ രാജിക്ക് കാരണമായത് സർക്കാർ ഉദ്യോഗസ്ഥരോട് മോശമായി പെരുമാറി എന്നതാണ്. അവരുടെ പരാതി ഒരു സ്വതന്ത്ര സംഘം അന്വേഷണം നടത്തി കുറ്റക്കാരനെന്ന് കണ്ടെത്തി, അത് രാജിയിൽ എത്തിച്ചു. ലോകത്ത് എത്രയോ ജനാധിപത്യ രാജ്യങ്ങളുണ്ട്. ഇങ്ങനെ സംഭവിച്ചാൽ ഏതെങ്കിലും മന്ത്രിമാർ രാജിവയ്ക്കുമോ? സ്വതന്ത്ര അന്വഷണങ്ങൾ പലപ്പോഴും പ്രഹസനമായി കാണാറുണ്ട്. പരസ്പരം കൈകോർക്കുന്ന നമ്മുടെ എത്രയോ മന്ത്രിമാർ ഉദ്യോഗസ്ഥരോട് മോശമായി സംസാരിക്കുന്നു. അവർക്കെതിരെ ഒരു നടപടിയും കണ്ടിട്ടില്ല. അഥവാ നടന്നാൽ അണികളോട് പൊരുതാൻ പറയും. രാഷ്ട്രീയ രംഗത്ത് കാണുന്ന കാപട്യവും സ്വാർത്ഥതയും മാറാതെ വേദനയുടെ തീച്ചൂളയിൽ കഴിയുന്നവരെ കാണാതെ പോയാൽ ആ ഭരണത്തെ മനുഷ്യർ ശപിക്കുകതന്നെ ചെയ്യും. നമ്മൾ ഒരു ചമ്മന്തിപ്പരുവത്തിൽ ഇതെല്ലം സഹിക്കുന്നു. ഇതിനിടയിൽ ഉടലെടുക്കുന്ന പ്രധാനപ്പെട്ടൊരു കാര്യമുണ്ട്. ഈ സർക്കാർ ഉദ്യോഗസ്ഥന്മാർ എത്രയോ മോശമായിട്ടാണ് നികുതിദായകരോട് പെരുമാറുന്നത്? ഈ കൂട്ടരിൽ ബഹുഭൂരിപക്ഷവും കൈക്കൂലി, അഴിമതി വീരന്മാരാണ്. ഓരോ ആവശ്യങ്ങളുമായി സർക്കാർ സ്ഥാപനങ്ങളിൽ കയറിയിറങ്ങുന്നവർ നിരാശരായി, നിർവികാരരായി മടങ്ങിവരുന്ന അവസ്ഥ വലുതാണ്. സമൂഹത്തിൽ കൈക്കൂലി വലിയൊരു വിടവ് സൃഷ്ടിച്ചിരിക്കുന്നു. ഇന്നത്തെ ഈ വ്യവസ്ഥിതി ഇന്ത്യയെ ഒരു ആധുനിക ബൂർഷ്വാവികാസത്തിലേക്ക് കൊണ്ടുപോകുകയല്ലേ?

കേരളത്തിലെ മുഖ്യമന്ത്രി പറഞ്ഞ വാക്കുകളാണ്. ‘ഓരോ ഫയലും ഓരോ ജീവിതമാണ്’. വളരെ സത്യമാണ്. ഓരോ ഫയലും ജീവന്റെ തുടിപ്പുകളുള്ളതാണ്. അലസന്മാരും മടിയന്മാരുമായ എത്രപേർ അതനുസരിച്ചു? അവരുടെ ജോലിപോലെ ഒച്ചിന്റെ വേഗതയിലാണ് ഫയലുകൾ നീങ്ങുന്നത്. അവർ ഓരോ ഫയലിലും പഴുതുകൾ കണ്ടെത്തി ഒന്നുകിൽ അവഗണിക്കുന്നു അല്ലെങ്കിൽ കൈക്കൂലിക്കായി കാത്തിരിക്കുന്നു. ഇവർ സത്യസന്ധരായ ജോലിക്കാരെങ്കിൽ എന്തിനാണ് കോടതി ഇടപെട്ടത്? ചീഫ് സെക്രട്ടറി കോടതിക്ക് മുന്നിൽ നിൽക്കേണ്ടിവന്നത്? ഈ ഉദ്യോഗവർഗ്ഗത്തെ വഴി തെറ്റിക്കുന്നത് ആരാണ്? പാശ്ചാത്യ രാജ്യങ്ങളിലെ ഉദ്യോഗസ്ഥരുടെ സവിശേഷത സർക്കാർ സ്ഥാപനങ്ങളിൽ ആവശ്യങ്ങളുമായി വരുന്നവരെ പ്രീണിപ്പിക്കുന്നതല്ല. ഓരോ ഫയലും ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി ഏറ്റെടുക്കുന്നു. മടിശീലയോടുള്ള ആർത്തി ആർക്കുമില്ല. സർക്കാർ ജോലികൾ, മന്ത്രി കസേരകൾ ആരും പൊങ്ങച്ചമായി കാണുന്നില്ല. ജനാധിപത്യം അരാജകത്വത്തിന്റെ വഴിയിൽ സഞ്ചരിക്കുന്നില്ല. ആരും ഒരു സ്ഥാപനങ്ങളെയും തങ്ങളുടെ പിടിയിലമർത്തുന്നില്ല. അവരുടെ സാഹിത്യ സംസ്കാരംപോലെ പ്രകൃതി സംരക്ഷണം പോലെ ഓരോ പൗരന്റെ അവകാശപ്പെട്ട ആവശ്യങ്ങളെ നിർവഹിച്ചുകൊടുക്കുന്നു. നമ്മുടെ നാട്ടിൽ ഇതൊക്കെ ജലരേഖകളായി മാറുന്നതെന്താണ്?

ഈ ആധുനിക കാലത്ത് അധികാരത്തിൽ വരേണ്ടത് അനീതിക്കെതിരെ പൊരുതുന്നവരാകണം. വിപ്ലവങ്ങൾ ഉടലെടുത്ത രാജ്യങ്ങളിൽ സർഗ്ഗപ്രതിഭകൾ അതിന് തിരികൊളുത്തിയവരാണ്. അവർക്ക് ഏത് കനത്ത അന്ധകാര ശക്തികളെയും അതിജീവിക്കാനാകും. അവിടുത്തെ ജനസേവകർ സർഗ്ഗപ്രതിഭകളെപോലെ സമൂഹത്തെ വിളിച്ചുണർത്തുന്നവരാണ്. അവർക്ക് മാത്രമേ വികസിത രാജ്യങ്ങളെപോലെ ജനാധിപത്യത്തിന്റെ സിംഹാസനം തീർക്കാനും ഒരു ജനതയെ അനശ്വരതയിലേക്ക് നയിക്കാനും സാധിക്കൂ. അല്ലാത്തവർ നശ്വരമായ സങ്കുചിത താല്പര്യങ്ങളാലും വിവിധങ്ങളായ മതിൽക്കെട്ടുകളിൽ തളയ്ക്കപ്പെട്ടവരുമാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ, അധികാരികളുടെ നോക്കും വാക്കും പ്രവർത്തിയും പീലിവിരിച്ചാടുന്ന മയിലിനെപോലെ അല്ലെങ്കിൽ പ്രഭാത സൂര്യനെപ്പോലെ ചെങ്കതിരുകളുടെ കാന്തി പ്രസരിക്കുന്നതാകണം. സഹജീവികളോട് കാരുണ്യം കാട്ടുന്നവരാകണം. മനുഷ്യരെ ചൂഷണം ചെയ്യുന്ന, അപമാനിക്കുന്ന ഉപ പ്രധാനമന്ത്രിയല്ല ഉദ്യോഗസ്ഥനായാലും അവരെ പുറത്താക്കണം മറിച്ച് വായ്മൂടിക്കെട്ടി നിൽക്കരുത്. ഏത് പൗരനായാലും സത്യത്തിന്റെ സാക്ഷികളായില്ലെങ്കിൽ പഴയ അധീശവർഗ്ഗം ജനാധിപത്യത്തിന്റെ മറവിൽ ഏകാധിപത്യ ഭരണം നടത്തികൊണ്ടിരിക്കും. മനഃസാക്ഷിയുള്ള മനുഷ്യർ തരിശുഭൂമിയിലെ ഇലകൊഴിഞ്ഞ മരങ്ങളല്ല. അവർ ഈ കൂട്ടരെ വിചാരണ ചെയ്തുകൊണ്ടിരിക്കും.

## മാലിന്യം വലിച്ചെറിയൽ വിമുക്ത ഗ്രാമമാകാൻ കുമ്പളം

പനങ്ങാട്: മാലിന്യം വലിച്ചെറിയൽ വിമുക്ത ഗ്രാമം കർമ്മപരിപാടി തയ്യാറാക്കലിന്റെ ഭാഗമായി കുമ്പളം പഞ്ചായത്ത് കർമ്മപരിപാടി തയ്യാറാക്കി. പനങ്ങാട്, ചേപ്പനം, കുമ്പളം ഭാഗങ്ങളിൽ ശുചീകരണം നടത്തി. വാർഡുതല സ്ക്വാഡ് രൂപീകരിക്കുന്നതിന് വാർഡുതല കൺവെൻഷൻ, ഭവനസന്ദർശനം, ബോധവൽക്കരണം എന്നിവ തുടങ്ങി. ജലമലിനീകരണം കണ്ടെത്തുന്നതിന് സ്ക്വാഡ് രൂപീകരിച്ചു.

ഹരിതകർമ്മസേനയെ ശക്തിപ്പെടുത്തി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും നിന്ന് അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നുവെന്നത് ഉറപ്പാക്കും. എന്നിട്ടും സഹകരിക്കാത്തവരെ കണ്ടെത്തി നിയമനടപടി സ്വീകരിക്കാനും കൺവെൻഷൻ തീരുമാനിച്ചു. പഞ്ചായത്ത് പ്രസിഡന്റ് കെ. എസ്. രാധാകൃഷ്ണൻ പഞ്ചായത്തുതല കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കെ.പി. കാർമിലി അദ്ധ്യക്ഷത വഹിച്ചു.

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് അംഗം സുനിൽ വർക്കി, ആസൂത്രണ സമിതി വൈസ് ചെയർമാൻ വി.ഒ. ജോണി, എഫ്.എച്ച്.സി. ഹെൽത്ത് ഇൻസ്പെക്ടർ ബിജു, വി.പി. പങ്കജാക്ഷൻ, ഇ.എച്ച്. മുഹമ്മദ് സാദിക്, വി.പി. പ്രകാശൻ, എം.എം. ഫൈസൽ, ടി.ആർ. രാഹുൽ തുടങ്ങിയവർ പ്രസംഗിച്ചു.

കുമ്പളം: മാലിന്യം വലിച്ചെറിയൽ വിമുക്ത ഗ്രാമം കർമ്മപരിപാടി തയ്യാറാക്കലിന്റെ ഭാഗമായി കുമ്പളം ഗ്രാമീന ഗ്രന്ഥശാലയിൽ കൺവെൻഷൻ നടന്നു. കുമ്പളം പഞ്ചായത്ത് സ്ഥിരം സമിതി അദ്ധ്യക്ഷൻ എം.എം. ഫൈസൽ ഉദ്ഘാടനം ചെയ്തു. സംഗീത കൃഷ്ണൻകുട്ടി അദ്ധ്യക്ഷത വഹിച്ചു. കെ.എസ്. ഗിരിജാവല്ലഭൻ, ലൈല ദിലീപ്, എ. തസ്നീം എന്നിവർ പ്രസംഗിച്ചു.

## കോളമിസ്റ്റിനെ ലൈംഗികമായി അധിക്ഷേപിച്ച കേസിൽ ട്രംപ് കുറ്റക്കാരൻ, 5 മില്യൺ നഷ്ടപരിഹാരം നൽകണം

വാഷിംഗ്ടൺ: മുൻ അമേരിക്കൻ കോളമിസ്റ്റിനെ ലൈംഗികമായി അപമാനിച്ച കേസിൽ മുൻ യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കുറ്റക്കാരൻ. ട്രംപിനോട് കോടതി അഞ്ച് മില്യൺ യു.എസ്. ഡോളർ നഷ്ടപരിഹാരമായി നൽകാൻ ഉത്തരവിട്ടിരിക്കുകയാണ്. എന്നാൽ ഷോൺ കാരൽ എന്ന പരാതിക്കാരി ഉന്നയിച്ച ലൈംഗികപീഡന ആരോപണം ഒൻപതംഗ ജൂറി തള്ളി.

എന്നാൽ മറ്റ് പരാതികളെല്ലാം കോടതി ശരിവെച്ചു. മൂന്ന് മണിക്കൂറോളം വാദങ്ങൾ കേട്ടും, തെളിവുകൾ കൃത്യമായി പരിശോധിച്ചുമാണ് കോടതി വിധി പ്രഖ്യാപിച്ചത്. നിരവധി സ്ത്രീകൾ നേരത്തെ ട്രംപിനെതിരെ കടുത്ത പീഡന ആരോപണങ്ങൾ ഉന്നയിച്ചിരുന്നു. എന്നാൽ ഇത്തരമൊരു കേസിൽ ട്രംപ് ശിക്ഷിക്കപ്പെടുന്നത് ആദ്യമായിട്ടാണ്.

തനിക്ക് നാണക്കേടുണ്ടാക്കുന്ന വിധിയാണിതെന്ന് ട്രംപ് പറഞ്ഞു. കോടതിവിധിയെ



ഡൊണാൾഡ് ട്രംപ്

അദ്ദേഹം തള്ളി. ന്യൂയോർക്ക് ജൂറിക്കെതിരെ അദ്ദേഹം രംഗത്തു വരികയും ചെയ്തു. താൻ വേട്ടയാടലിന്റെ ഇരയാണെന്ന് ട്രംപ് പറഞ്ഞു. തന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ട്രൂത്തിലൂടെയാണ് ട്രംപ് പ്രതികരിച്ചത്.

ഈ സ്ത്രീ ആരാണെന്ന് തനിക്ക് അറിയുകപോലുമില്ലെന്ന് ട്രംപ് പറഞ്ഞു. ഷോൺ കാരലിനെതിരെയായിരുന്നു ട്രംപ് രംഗത്തെത്തിയത്. രണ്ട് കേസുകളിലായിട്ടാണ് ട്രംപ് അഞ്ച് മില്യനോളം നൽകേണ്ടത്. അതേ സമയം ട്രംപ് ലൈംഗിക ചൂഷണം നടത്തിയതായി തെളിഞ്ഞുവെന്നും കോടതി വ്യക്തമാക്കി. ലൈംഗികപീഡനകേസ്, മാനനഷ്ടക്കേസ് എന്നിങ്ങനെ രണ്ടു കേസുകളാണ് ട്രംപിനെതിരെയുണ്ടായിരുന്നത്. 79–കാരിയായ കാരൾ കടുത്ത ആരോപണങ്ങളായിരുന്നു ട്രംപിനെതിരെ ഉന്നയിച്ചത്. 1996–ലാണ് കേസിന് ആസ്പദമായ സംഭവം നടന്നത്. മാൻഹട്ടനിലെ ആഡംബര സ്റ്റോറിലെ വസ്ത്രം മാറുന്ന മുറിയിൽ വെച്ച് ട്രംപ് തന്നെ ലൈംഗികമായി പീഡിപ്പിച്ചു എന്നായിരുന്നു പരാതി. തന്നെ പൊതുമധ്യത്തിൽ ട്രംപ് അപമാനിച്ചുവെന്നായിരുന്നു കോളമിസ്റ്റ് കൂടിയായ കാരൾ ആരോപിച്ചത്.

താൻ ആരോപണം പരസ്യമായി 2019–ൽ ഉന്നയിച്ചതോടെ തന്നെ തട്ടിപ്പുകാരി എന്നു വിളിച്ച് അധിക്ഷേപിച്ചുവെന്നും ഇവർ പരാതിപ്പെട്ടിരുന്നു. എല്ലി മാഗസിനിലെ കോളമിസ്റ്റായിരുന്നു ഇവർ. കാരളിന്റെ ആരോപണങ്ങൾ വ്യാജവും നുണയുമാണെന്നും ട്രംപ് നേരത്തെ ആരോപിച്ചിരുന്നു.

അതേസമയം ട്രംപ് തനിക്കെതിരെ നടത്തിയ ലൈംഗികാതിക്രമം കാരണം വലിയ ആഘാതമാണ് തനിക്ക് നേരിടേണ്ടിവന്നതെന്ന് ഇവർ കോടതിയെ അറിയിച്ചിരുന്നു. വലിയ നാണക്കേട് തനിക്ക് തോന്നിയിരുന്നു. പ്രണയബന്ധങ്ങൾ പോലും അസാധ്യമായെന്നും അവർ ആരോപിച്ചു. ഇരുപത് വർഷത്തോളം ട്രംപിനെ ഭയന്നാണ് താൻ ജീവിച്ചത്.

അതിന് ശേഷം മാത്രമാണ് ആരോപണങ്ങളുമായി വരാൻ താൻ തീരുമാനിച്ചതെന്നും ഇവർ പറഞ്ഞു. ട്രംപിനെതിരെ രണ്ട് സ്ത്രീകൾ സാക്ഷികളായുണ്ടായിരുന്നു. ഇവർ ട്രംപ് ലൈംഗികാതിക്രമം നടത്തിയെന്ന് സ്ഥിരീകരിച്ചു. മുൻ ബിസിനസുകാരിയായ ജെസ്സീക്ക ലീഡ്സും ട്രംപ് തനിക്കെതിരെ ലൈംഗികാതിക്രമത്തിന് ശ്രമിച്ചുവെന്ന് ആരോപിച്ചിരുന്നു.

## മണിപ്പൂർ സംഘർഷത്തിൽ ഇതുവരെ മരിച്ചത് 54 പേർ

മണിപ്പൂർ സംഘർഷത്തിൽ ഇതുവരെ മരിച്ചത് 54 പേർ. ഒഴിപ്പിക്കലിനിടെ അക്രമം നടത്തിയവരാണ് മരിച്ചത്. സംഘർഷമേഖലകളിൽ സൈന്യം കാവൽ തുടരുകയാണ്. മരണപ്പെട്ടവരുടെ മൃതദേഹങ്ങൾ വിവിധ ആശുപത്രികളിൽ സൂക്ഷിച്ചിരിക്കുകയാണ്. മണിപ്പൂരിൽ ഭൂരിപക്ഷം വരുന്ന മെയ്തെ സമുദായത്തിന് പട്ടികവർഗ്ഗ പദവി നൽകിയതിനെ ചൊല്ലിയാണ് പ്രതിഷേധം നടക്കുന്നത്. സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ സൈന്യത്തെയും അസം റൈഫിൾസിനെയും വിന്യസിച്ചിരിക്കുകയാണ്.

## മൊബൈൽ ഫോണിൽ എഫ്.എം. റേഡിയോ വേണമെന്ന് കേന്ദ്ര നിർദ്ദേശം

ന്യൂഡൽഹി: എല്ലാ മൊബൈൽ ഫോണുകളിലും എഫ്.എം. റേഡിയോ സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ഐ.ടി. മന്ത്രാലയം മൊബൈൽ കമ്പനികളുടെ സംഘടനകൾക്കായി മാർഗ്ഗരേഖ പുറത്തിറക്കി. നാലഞ്ചുവർഷമായി പുറത്തിറങ്ങുന്ന പല ഫോണുകളിലും റേഡിയോ സൗകര്യം ഉൾക്കൊള്ളിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നടപടി.

പ്രകൃതിദുരന്തങ്ങളടക്കമുണ്ടാകുമ്പോൾ സർക്കാരുകൾക്ക് സാധാരണക്കാരിലേക്ക് വിവരങ്ങൾ എത്തിക്കാനുള്ള പ്രധാനപ്പെട്ട വഴിയാണ് എഫ്.എം. റേഡിയോ എന്ന് മാർഗ്ഗരേഖയിൽ പറയുന്നു. എഫ്.എം. റിസീവർ സൗകര്യമുള്ള ഫോണുകൾ ആ സേവനം ഡീ–ആക്ടിവേറ്റ് ചെയ്തിടരുതെന്നും കമ്പനികളോട് മന്ത്രാലയം നിർദ്ദേശിച്ചു.

## എ.ഐ ക്യാമറയിൽ കുടുങ്ങിയാലും പ്രമുഖർക്ക് പിഴയില്ല

സംസ്ഥാനത്തുടനീളം സ്ഥാപിച്ചിട്ടുള്ള 726 എ.ഐ ക്യാമറകളിലൂടെ ഗതാഗത നിയമലംഘനത്തിന് പിഴ ചുമത്തും. ക്യാമറയിൽ പതിയുന്ന നിയമലംഘനങ്ങൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പരിശോധിച്ച ശേഷമാകും നോട്ടീസ് അയക്കുക. ഇത്തരത്തിൽ ഒരുദിവസം 30,000 നോട്ടീസുകൾ അയക്കാനാകും.

എന്നാൽ മന്ത്രിമാർ ഉൾപ്പെടുന്ന പ്രമുഖർ ക്യാമറയിൽ കുടുങ്ങിയാലും പിഴ അടക്കേണ്ടതായി വരില്ല. ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കാതെയുള്ള യാത്ര, ബൈക്കുകളിൽ മൂന്നുപേർ അടങ്ങുന്ന യാത്ര, ഡ്രൈവിങ്ങിനിടെ മൊബൈൽഫോൺ ഉപയോഗം എന്നിവയാണ് എ.ഐ ക്യാമറകൾ കണ്ടെത്തുക. രാത്രി യാത്രയിൽ പോലും കാറിൽ സീറ്റ് ബെൽറ്റ് ധരിക്കാതെയിരുന്നാൽ ഇത് കണ്ടെത്താൻ ക്യാമറകൾക്കാകും. ഒരു ക്യാമറ രേഖപ്പെടുത്തിയ കുറ്റം അടുത്ത ക്യാമറയിലും പതിഞ്ഞാൽ വീണ്ടും പിഴ അടക്കേണ്ടിവരുമെന്ന് ആർ.ടി.ഒ അറിയിക്കുന്നു.

## അയൽവാസിയുടെ മരം നിങ്ങൾക്ക് ശല്യമായെങ്കിൽ നിയമ നടപടികൾ ഇങ്ങനെ

മരം വച്ചുപിടിപ്പിക്കുന്നത് പുണ്യകരമാണ് എന്ന് വിശ്വസിക്കുന്നവരാണ് മനുഷ്യരിൽ കൂടുതൽ പേരും. എന്നാൽ അതുകൊണ്ട് മറ്റുള്ളവർക്ക് പ്രയാസമുണ്ടാകരുത്. പൊതുസ്ഥലങ്ങളിലും സ്വകാര്യവ്യക്തിയുടെ പറമ്പിലുമെല്ലാം മറ്റുള്ളവർക്ക് ഭീഷണിയായി ചില മരങ്ങൾ കാണാം. ഉറപ്പ് കുറഞ്ഞ മരങ്ങൾ ഏതു സമയവും നിലംപൊത്താമെന്ന അവസ്ഥയിലുമാകും.

ഇത്തരം ഘട്ടങ്ങളിൽ എന്താണ് ചെയ്യേണ്ടത്. അയൽവാസിയുമായി രമ്യമായി പറഞ്ഞ് പരിഹാരം കാണുന്നതാണ് ഏറ്റവും ഉചിതം. എന്നാൽ ചില ഘട്ടങ്ങളിൽ ഇത്തരം സംസാരങ്ങളും ചർച്ചകളും ഫലം കണ്ടു എന്നു വരില്ല. അപ്പോഴാണ് നിയമ നടപടികളിലേക്ക് കാര്യങ്ങൾ എത്തുക. നാട്ടിലെ കാരണവന്മാരെ ഉൾപ്പെടുത്തിയോ വാർഡ് മെമ്പറെ ഉൾപ്പെടുത്തിയോ ഉള്ള ചർച്ചകൾ ഫലമുണ്ടായില്ലെങ്കിൽ നിയമത്തിന്റെ വഴിക്ക് നീങ്ങാം.

ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിൽ പരാതി നൽകുകയാണ് ആദ്യം വേണ്ടത്. ഇതിന് പ്രത്യേക ഫോം ലഭ്യമായിരിക്കും. അല്ലെങ്കിൽ വെള്ളക്കടലാസിൽ എഴുതി തദ്ദേശസ്ഥാപനങ്ങളുടെ സെക്രട്ടറിക്ക് പരാതി സമർപ്പിക്കാം. മുൻസിപ്പിലാറ്റിയിലാണ് പരാതി നൽകുന്നതെങ്കിൽ ആദ്യം പരാതി ന്യായമാണോ എന്ന പരിശോധന നടക്കും. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തലത്തിലുള്ള ഉദ്യോഗസ്ഥനാണ് പരിശോധിക്കുക. പരാതിയിൽ കഴമ്പുണ്ട് എന്ന് കണ്ടെത്തിയാൽ മരം നിൽക്കുന്ന പറമ്പിന്റെ ഉടമസ്ഥന് മുൻസിപ്പാലിറ്റി നോട്ടീസ് നൽകും. രണ്ടാഴ്ച്ചയ്ക്കകം മരം മുറിച്ചു മാറ്റണം എന്നാവശ്യപ്പെട്ടാണ് നോട്ടീസ് നൽകുക. സമയപരിധി കഴിഞ്ഞിട്ടും ഉടമ മരം മുറിച്ചു മാറ്റിയില്ലെങ്കിൽ മറ്റൊരു നോട്ടീസ് കൂടി നൽകും. മരം മുറിച്ചു മാറ്റാത്തതിനാൽ മുൻസിപ്പാലിറ്റി ദൗത്യം ഏറ്റെടുക്കുമെന്ന് സൂചിപ്പിച്ചാണ് രണ്ടാമത്തെ നോട്ടീസ് നൽകുക.

മരം മുറിച്ചു മാറ്റാൻ മുൻസിപ്പാലിറ്റി നടപടി സ്വീകരിക്കും. ഇതിനു വേണ്ടി വരുന്ന ചെലവ് മരത്തിന്റെ ഉടമസ്ഥനിൽ നിന്ന് ഈടാക്കും. മരം മുറിച്ചുമാറ്റാൻ സാധിക്കാതെ വിഷയം സങ്കീർണമായി തുടരുകയാണെങ്കിൽ മുൻസിപ്പാലിറ്റിയുടെ ട്രീ കമ്മിറ്റി ചർച്ച ചെയ്യും. നഗരസഭാ സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, നഗരസഭാ പ്രതിനിധി എന്നിവരെല്ലാം ഉൾപ്പെടുന്നതാണ് ട്രീ കമ്മിറ്റി.

ട്രീ കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും മിനിട്സ് തയ്യാറാക്കുകയും ചെയ്യും. ഈ കമ്മിറ്റി എടുക്കുന്ന തീരുമാനം അന്തിമമാകും. മരം ഭീഷണിയാണ് എന്ന് ബോധ്യമായാൽ മുറിച്ചുമാറ്റി ഉടമയിൽ നിന്ന് ചെലവ് ഈടാക്കും. മുറിച്ചു മാറ്റുന്നതിന് മുമ്പ് വല്ല അപകടത്തിനും മരം കാരണമായാൽ ഇതിനുള്ള നഷ്ടപരിഹാരം കൂടി ഉടമ നൽകേണ്ടിവരും. പൊതുസ്ഥലത്തുള്ള മരമാണ് വിഷയമെങ്കിൽ മുൻസിപ്പാലിറ്റി സ്വന്തം ചെലവിൽ നടപടിയെടുക്കും. കേരള പഞ്ചായത്ത് ആക്ട് 238, ദുരന്തനിവാരണനിയമം 2005, ഇന്ത്യൻ ശിക്ഷാനിയമം 133 എന്നിവ പ്രകാരമാണ് ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുക. മരം മാത്രമല്ല, മരത്തിന്റെ ചില്ലകൾ ഭീഷണിയായി നിൽക്കുന്നുണ്ടെങ്കിലും ഇതേ നിയമപ്രകാരം നടപടിയെടുക്കാം. മരം, ചില്ലകൾ, ഫലങ്ങൾ എന്നിവ വ്യക്തിയുടേയോ കൃഷിയുടേയോ നാശത്തിന് കാരണമാകുമെങ്കിൽ നടപടി ഉറപ്പാണ്. തദ്ദേശ സ്ഥാപനങ്ങളുടെ മേലധികാരിക്ക് നൽകുന്ന പരാതിയിൽ നടപടി വൈകുന്നു എന്ന ആക്ഷേപം നിരവധി ഉയരാറുണ്ട്. രാഷ്ട്രീയമായ ഇടപെടലുണ്ടാകുമ്പോഴാണ് നടപടികൾ വൈകാറ്. ഇത്തരം ഘട്ടത്തിൽ പരാതിക്കാരന് സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, ഡിവിഷണൽ മജിസ്ട്രേറ്റ് എന്നിവരെയും സമീപിച്ച് പരിഹാരം തേടാവുന്നതാണ്.

## ഐ.ഐ.എം.സി.യിൽ മലയാളം ജേർണലിസം പി.ജി. ഡിപ്ലോമ; അപേക്ഷ തപാൽ വഴി 22 വരെ

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ കോട്ടയം ശാഖ നടത്തുന്ന ഒരു വർഷത്തെ മലയാളം ജേർണലിസം പി.ജി. ഡിപ്ലോമയ്ക്ക് ഇപ്പോൾ അപേക്ഷിക്കാം. അപേക്ഷ തപാൽ വഴി 22–നകം ഡൽഹിയിലെത്തിക്കണം. യോഗ്യത: ബിരുദം. ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. 2023 ഓഗസ്റ്റ് ഒന്നിന് 25 വയസ്സ് കവിയരുത്. പട്ടിക/ഭിന്നശേഷി വിഭാഗക്കാർക്ക് 30 വരെയും ഒ.ബി.സി.ക്ക് 28 വരെയുമാകാം.

അപേക്ഷാഫോമിന്റെ മാതൃക www.iimc.gov.in വെബ്സൈറ്റിലുണ്ട്. ഫോം പകർത്തി സ്വന്തം ഇംഗ്ലീഷ് കയ്യക്ഷരത്തിൽ പൂരിപ്പിച്ച്, പ്രസക്ത രേഖകൾ സഹിതം The Assistant Registrar, Indian Institute of Mass Communication, Aruna Asif Ali Marg, New Delhi - 110067 എന്ന വിലാസത്തിൽ അയയ്ക്കണം. അപേക്ഷയും രേഖകളും languagecoursesiimc2023@gmail.com എന്ന ഐ.ഡി.യിലേക്ക് ഇ–മെയിൽ ചെയ്യുകയും വേണം. അപേക്ഷ ഫീ 800 രൂപ ഓൺലൈനായി അടയ്ക്കാം. ഒ.ബി.സി/ഇ.ഡബ്ല്യു.എസ്. 600 രൂപ, പട്ടികവിഭാഗം/ട്രാൻസ്ജെൻഡർ 550 രൂപ, ഭിന്നശേഷി 500 രൂപ. അപേക്ഷ സംബന്ധിച്ച സംശയപരിഹാരത്തിനുള്ള ഫോൺ നമ്പർ: 7014551410.

ജൂൺ 18–ന് രാവിലെ 11 മുതൽ ന്യൂഡൽഹിയിലും കോട്ടയം പാമ്പാടി കാമ്പസിലുമായി മൂന്നു മണിക്കൂർ എൻട്രൻസ് പരീക്ഷ നടത്തും. ഫലം ജൂൺ 30–ന്. കോട്ടയം ഫോൺ: 8547482443.

## ജമ്മുകശ്മീരിൽ കഴിഞ്ഞ മൂന്നു വർഷത്തിനിടെ ഭൂമി വാങ്ങിയത് കശ്മീരികളല്ലാത്ത 185 ഇന്ത്യക്കാർ

ജമ്മുകശ്മീരിൽ കഴിഞ്ഞ മൂന്നുവർഷത്തിനിടെ ഭൂമി വാങ്ങിയത് പുറത്തുള്ള 185 ഇന്ത്യക്കാർ. കശ്മീരിൽ കശ്മീരികളല്ലാത്തവർക്ക് ഭൂമി വാങ്ങാൻ പാടില്ലെന്ന 35എ, 37–ാം വകുപ്പ് എന്നിവ പിൻവലിച്ചതോടെ കശ്മീരിന് പുറത്തുനിന്നുള്ളവർ ഭൂമി വാങ്ങിയത്. കൂടാതെ കശ്മീരിന് പുറത്ത് നിന്നും 1559 കമ്പനികൾ കശ്മീരിൽ നിക്ഷേപമിറക്കിയെന്നും കേന്ദ്രസർക്കാർ പറഞ്ഞു.

2020 ൽ ഒരാൾ മാത്രമേ ധൈര്യമുറപ്പിച്ച് ഭൂമി വാങ്ങിയതെങ്കിൽ 2021 ൽ 57 പേർ ഭൂമി വാങ്ങി. 2022 ആയപ്പോൾ കശ്മീരിൽ ഭൂമി വാങ്ങിയവരുടെ എണ്ണം 127 ആയി. കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായി രാജ്യസഭയിൽ അറിയിച്ചതാണ് ഇക്കാര്യം. കഴിഞ്ഞവർഷം മാത്രം ഏകദേശം 1074 കമ്പനികളാണ് ജമ്മുകശ്മീരിൽ നിക്ഷേപിക്കാനെത്തിയത്.

# ജാതി – മത ചിന്തകൾക്കതീതമാകട്ടെ മാനവ സമൂഹം

(ഊക്കോട് ഗോപാലൻ)



ഇന്ത്യൻ പാർലമെന്റിൽ പ്രസംഗിക്കാൻ അവസരം ലഭിച്ച അനുഷയ്ക്ക് അഭിനന്ദനങ്ങൾ. പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ നടന്ന ഡോ. ബി.ആർ. അംബേദ്കർ അനുസ്മരണ ചടങ്ങിൽ കേരളത്തിന്റെ അഭിമാനം വാനോളം ഉയർത്തിയ അനുഷ എന്ന പെൺകുട്ടിയെക്കുറിച്ച് വാർത്തകൾ പുറംലോകത്തെ അറിയിക്കാൻ ഇവിടുത്തെ ചാനലുകൾക്കോ മാധ്യമങ്ങൾക്കോ വേണ്ടത്ര കഴിഞ്ഞില്ല. സമൂഹ മാധ്യമങ്ങളിലൂടെ വന്ന വാർത്തയിലൂടെയാണ് പുറംലോകം ശ്രദ്ധിക്കപ്പെട്ടത്. കേന്ദ്ര യുവജനകാര്യ-കായിക മന്ത്രാലയത്തിനു കീഴിലുള്ള നെഹ്റു യുവകേന്ദ്രയും ലോകസഭാ സെക്രട്ടറിയേറ്റിനു കീഴിലുള്ള പാർലമെന്ററി റിസർച്ച് ആന്റ് ട്രെയിനിംഗ് ഫോർ ഡെമോക്രസിയും ചേർന്ന് സംഘടിപ്പിച്ച ചടങ്ങിലാണ് കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഏക അംഗമായ അനുഷ പ്രസംഗിച്ചത്.

നെഹ്റു യുവകേന്ദ്ര ഫെബ്രുവരിയിൽ നടത്തിയ സംസ്ഥാനതല യൂത്ത് പാർലമെന്റിലെ മികച്ച പ്രകടനമാണ് അനുഷയ്ക്ക് പാർലമെന്റിൽ നടക്കുന്ന ചടങ്ങിൽ പങ്കെടുക്കാൻ അവസരം സൃഷ്ടിച്ചത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 25 പേരിൽ പ്രസംഗിക്കാൻ അവസരം ലഭിച്ചത് അനുഷ ഉൾപ്പെടെ ഏഴുപേർക്കു മാത്രം. ഡോ. ബാബാസാഹബ് ഭീംറാവു അംബേദ്കറെക്കുറിച്ച് അനുഷയുടെ മൂന്നു മിനിട്ട് ദൈർഘ്യമുള്ള പ്രസംഗം വിലയിരുത്തിയാണ് ചടങ്ങിൽ പ്രസംഗിക്കാൻ തിരഞ്ഞെടുത്തതെന്നോർക്കണം. തിരുവനന്തപുരത്ത് നേമം പ്രാവച്ചമ്പലം പ്ലാവൂർക്കോണം അനുഷികയിൽ എ.എസ്. അനുഷ, പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ 2023 ഏപ്രിൽ 14-ന് അംബേദ്കർ ജയന്തിയോടനുബന്ധിച്ചുള്ള അനുസ്മരണ ചടങ്ങിൽ പ്രസംഗിച്ചു. പ്രബുദ്ധഭാരതത്തിന്റെ ആരാധ്യയായ രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ വിശ്വരത്നം ഡോ. ബാബാസാഹബ് ഭീംറാവു അംബേദ്കറെ അനുസ്മരിച്ചുള്ള ഒരു ഉജ്ജ്വല പ്രസംഗത്തിന്റെ പ്രസക്തഭാഗം "അംബേദ്കർ തനിക്ക് ഭഗവാനു തുല്യമാണെന്നും അദ്ദേഹത്തിന്റെ നിസ്തുല പ്രയത്നങ്ങളുടെ ഫലമാണ് തന്റെ സ്ഥാനലബ്ദിയുൾപ്പെടെയുള്ള സർവസ്വമെന്നുമുള്ള'' പ്രകീർത്തനം ഏറെ ഹൃദ്യമായി പ്രതിപാദിച്ച അനുഷ, മൂന്നു മിനിട്ടിനുള്ളിൽ ഇന്ത്യൻ പാർലമെന്റിന്റെ ചരിത്രത്തിൽ അംബേദ്കർ അനുസ്മരണത്തിന്റെ ഐതിഹാസികമായ ഒരു ഇതിഹാസം തന്നെ രചിക്കുകയായിരുന്നു. ചാതുർവർണ്യ ഇന്ത്യയിൽ അംബേദ്കർ ആരെന്നും എന്തെന്നും പാർലമെന്റിനെ നിശബ്ദമാക്കും വിധം ഉറക്കെ വിളിച്ചു പറഞ്ഞ അനുഷ, ഇന്ത്യൻ ജനകോടികളുടെ ശബ്ദവും വെളിച്ചവുമായി ത്തീരുകയായിരുന്നു. അജയ്യനും അനശ്വരനും അവിസ്മരണീയനും മനുഷ്യരാശിയുടെ വിമോചകനും മാനവ മനുഷ്യസ്നേഹിയുമായ ഡോ. ബാബാസാഹബ് ഭീംറാവു അംബേദ്കർ വിശ്വമാകെ വാഴ്ത്തി സ്തുതിക്കപ്പെടുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.




പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ നടന്ന ഡോ. ബി.ആർ. അംബേദ്കർ അനുസ്മരണ ചടങ്ങിൽ എ.എസ്. അനുഷ പ്രസംഗിക്കുന്നു

ഇക്കാര്യത്തിൽ കേരളത്തിലെ നെഹ്റു യുവകേന്ദ്രയെ ഹൃദയപൂർവ്വം അഭിനന്ദിക്കാതെ വയ്യ. കരസേനയിൽ നിന്നു വിരമിച്ച ഓണററി ക്യാപ്റ്റൻ കെ. അനിൽകുമാർ – കെ. ഷീല ദമ്പതികളുടെ മകളായ അനുഷ, സുവോളജി എം.എസ്സിക്ക് ഒന്നാംറാങ്കുകാരിയാണ്. ദേശീയ-സംസ്ഥാന തലത്തിൽ നടന്ന നിരവധി പ്രസംഗ-ഡിബേറ്റ്-ക്വിസ് മത്സരങ്ങളിൽ മികച്ച വിജയങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. ലോകത്തെമ്പാടുമുള്ള ഡോ. ബാബാസാഹബ് ഭീംറാവു അംബേദ്കറുടെ കോടാനുകോടി ആരാധകരുടെ അഭിനന്ദനങ്ങൾക്കും അനുമോദനങ്ങൾക്കും ആശംസകൾക്കും അർഹയായ ഈ ലേഖകന്റെ നാട്ടുകാരി കൂടിയായ നേമം പ്രാവച്ചമ്പലം പ്ലാവൂർകോണം എ,എസ്. അനുഷയ്ക്ക് കോടാനുകോടി അഭിവാദ്യങ്ങൾ !!!

## കേരളത്തിന് അനുവദിച്ച വന്ദേഭാരത് കാസർകോട് വരെ നീട്ടി

കേരളത്തിനനുവദിച്ച വന്ദേഭാരത് കാസർകോട് വരെ നീട്ടി. തിരുവനന്തപുരം-കണ്ണൂർ റൂട്ടാണ് ആദ്യം പറഞ്ഞിരുന്നത്. കാസർകോട് വരെ നീട്ടിയ കാര്യം റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവ് പത്രസമ്മേളനത്തിൽ അറിയിക്കുകയായിരുന്നു.

70 മുതൽ 110 കിലോമീറ്റർ വരെയാകും കേരളത്തിലെ വിവിധ മേഖലകളിൽ വന്ദേഭാരതിന്റെ നിലവിലെ വേഗതയെന്നും അശ്വനി വൈഷ്ണവ് വിവരിച്ചു. ഫേസ് ഒന്ന് കേരളത്തിൽ ഒന്നരവർഷത്തിനകം പൂർത്തിയാക്കും. ഫേസ് 2 പൂർത്തിയായാൽ കേരളത്തിൽ 130 കിലോമീറ്റർ വരെ വേഗതയിൽ സഞ്ചരിക്കാനാകും.

## സ്വർണവില വീണ്ടും കുതിക്കുന്നു

കൊച്ചി: സ്വർണത്തോടുള്ള ഭ്രമം ഒഴിവാക്കാൻ സമയമായി എന്ന് ശരാശരി മലയാളിയെ ഓർമിപ്പിക്കുകയാണ് വിപണിയിൽ നിന്നുള്ള പുതിയ വിവരങ്ങൾ. എന്തിനും ഏതിനും സ്വർണത്തെ ആഘോഷത്തോട് ചേർക്കുമ്പോൾ പോക്കറ്റ് കാലിയാകുമെന്ന് മാത്രമല്ല കടക്കാരനാകാനും സാധ്യത ഏറെയാണ്. സ്വർണവില ഓരോ ദിവസവും ഉയരുന്ന സാഹചര്യമാണുള്ളത്.

കഴിഞ്ഞമാസം സ്വർണം പവന് വില 44000 രൂപയിൽ ആയിരുന്നു. എന്നാൽ മെയ്മാസത്തിൽ സ്വർണവില 45000-ത്തിലാണ് ചാഞ്ചാടുന്നത്. ഇങ്ങനെ പോയാൽ അടുത്തമാസം 46000-ത്തിലാകുമെന്ന് അനുമാനിക്കാം. മെയ് ഒന്നിന് 44560 രൂപയുണ്ടായിരുന്ന സ്വർണവില 10 ദിവസം പിന്നിടുമ്പോൾ ആയിരം രൂപ വർധിച്ചിരിക്കുകയാണ്.

ഇന്ന് സ്വർണം ഒരു പവന് കേരളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വില 45560 രൂപയാണ്. കഴിഞ്ഞദിവസം 45360 രൂപയായിരുന്നു. പവന് 200 രൂപയാണ് ഇന്ന് കൂടിയത്. ഓരോ ദിവസവും നേരിയ തോതിലുള്ള വില വർധനവാണ് രേഖപ്പെടുത്തുന്നതാണ്. ഈ മാസം പത്ത് ദിവസം പൂർത്തിയാകുമ്പോൾ 1000 രൂപ വർധിച്ചു. അതായത് ദിവസം നൂറു രൂപയാണ് ശരാശരി കൂടിയത്.

കേരളത്തിൽ ഒരു ഗ്രാം സ്വർണത്തിന് ഇന്ന് നൽകേണ്ടത് 5695 രൂപയാണ്. ഈമാസം അഞ്ചിനാണ് സർവകാല റെക്കോർഡ് വില സ്വർണത്തിന് രേഖപ്പെടുത്തിയത്. ഒരു പവന് 45760 രൂപയായിരുന്നു അന്ന്. അതായത് ഇന്നത്തെ വിലയേക്കാൾ 200 രൂപ മാത്രം അധികം. നിലവിലെ സാഹചര്യത്തിൽ സർവകാല റെക്കോർഡ് ഭേദിക്കാൻ അധികം ദിവസം വേണ്ടിവരില്ലെന്ന് കരുതാം.

ആഗോളതലത്തിൽ സ്വർണത്തിന് ഇന്ന് കാര്യമായ വർധനവുണ്ടായില്ലെന്നാണ് റിപ്പോർട്ടുകൾ. അമേരിക്കയിലെ പണപ്പെരുപ്പവുമായി ബന്ധപ്പെട്ട് നേരിയ ആശ്വാസം നൽകുന്ന കണക്കുകൾ പുറത്തുവന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേന്ദ്ര ബാങ്കായ ഫെഡ് റിസർവ് പലിശ നിരക്കിൽ വലിയ മാറ്റം വരുത്താനിടയില്ല എന്നാണ് കരുതുന്നത്. ആഗോളതലത്തിൽ വിലയിൽ വലിയ മാറ്റം വന്നില്ലെങ്കിലും കേരളത്തിൽ വർധിച്ചു. നിലവിൽ രേഖപ്പെടുത്തുന്ന വിലയേക്കാൾ 4000 രൂപയോളം അധികം നൽകിയാലേ ഒരു പവന് സ്വർണാഭരണം വാങ്ങാൻ സാധിക്കൂ. പണിക്കൂലി, ജി.എസ്.ടി, ഹാൾമാർക്കിങ് നിരക്ക് എന്നിവയെല്ലാം ഉപഭോക്താവ് നൽകേണ്ടതുണ്ട്. വിവാഹ ആഘോഷത്തിലേക്ക് നീങ്ങുന്നവർക്ക് വലിയ പ്രതിസന്ധിയാണ് ഈ സമയം.

സാധാരണ കേരളത്തിൽ 22 കാരറ്റ് സ്വർണമാണ് പ്രിയം. വില കൂടിയ സാഹചര്യത്തിൽ 18 കാരറ്റ് സ്വർണത്തിന് ആവശ്യക്കാർ ഏറിയിട്ടുണ്ട് എന്നാണ് വ്യാപാരികൾ പറയുന്നത്. 18 കാരറ്റ് സ്വർണത്തിന് വിലയിൽ അല്പം കുറവുണ്ടാകും. എന്നാൽ കാഴ്ച്ചയ്ക്ക് വലിയ മാറ്റമുണ്ടാകുകയുമില്ല. ഗോൾഡ്കോയിൻ വാങ്ങി സൂക്ഷിക്കുന്നവരും ഏറിയിട്ടുണ്ട്. വില കൂടുമെന്ന് ഉറപ്പുള്ളതിനാൽ ഭാവിയിൽ ലാഭം കൊയ്യാമെന്ന് അവർ കരുതുന്നു.

## ഫ്ളാറ്റുകളുടെ പെർമിറ്റ് ഫീസിൽ 20 മടങ്ങ് വർധന

ഫ്ളാറ്റുകളുടെയും വലിയ വാണിജ്യ കെട്ടിടങ്ങളുടെയും കെട്ടിടനിർമാണ പെർമിറ്റ് ഫീസിൽ 20 മടങ്ങ് വർധന വിലയിരുത്തി. ഒരുലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള ഫ്ളാറ്റ് പ്രൊജക്ടിന് നേരത്തെ ഒരുലക്ഷമായിരുന്നു പെർമിറ്റ് ഫീസ്. ഇത് 20 ലക്ഷമായിട്ടാണ് വർധിച്ചിരിക്കുന്നത്.

## ചാൾസ് രാജാവിന്റെ കിരീടധാരണത്തിനിടെ കുതിരയുടെ നിയന്ത്രണം പോയി, ആൾക്കൂട്ടത്തിലേക്ക് ഇടിച്ചു കയറി

ചാൾസ് മൂന്നാമൻ ബ്രിട്ടന്റെ രാജാവായി. അദ്ദേഹത്തിന്റെ കിരീടധാരണം കഴിഞ്ഞദിവസം ആഡംബരമായി തന്നെയാണ് നടന്നത്. ലോകം ഉറ്റുനോക്കിയ ചടങ്ങായിരുന്നു അദ്ദേഹത്തിന്റെ കിരീടധാരണം. 70 വർഷങ്ങൾക്ക് ശേഷമാണ് ബ്രിട്ടീഷ് രാജകുടുംബത്തിൽ കിരീടധാരണം നടന്നത്. 1953-ൽ ബ്രിട്ടന്റെ രാജ്ഞിയായി എലിസബത്ത് രാജ്ഞി ഭരണത്തിലേറിയ ശേഷം 74-ാം വയസ്സിലാണ് ചാൾസ് ബ്രിട്ടന്റെ കിരീടം ചൂടിയത്. 5 ഘട്ടങ്ങളിലായി ആണ് കിരീടധാരണ ചടങ്ങ് നടന്നത്.

എന്നാൽ ഇപ്പോൾ, കിരീടധാരണച്ചടങ്ങിനിടെ നടന്ന മറ്റൊരു സംഭവമാണ് സോഷ്യൽമീഡിയയിൽ ചർച്ചയാവുന്നത്. പട്ടാഭിഷേക ഘോഷയാത്രയിൽ പങ്കെടുത്ത ഒരു കുതിര ഭയന്നുവിറച്ചതിന് ശേഷം ജനക്കൂട്ടത്തിലേക്ക് പിന്നോട്ട് പായുന്നത് കാണിക്കുന്ന ഒരു വീഡിയോ ആണ് സോഷ്യൽ മീഡിയയിൽ വൈറൽ. വെസ്റ്റ് മിൻസ്റ്റർ ആബിയിൽ നിന്ന് ചാൾസ് മൂന്നാമൻ രാജാവ് ബക്കിംഗ്ഹാം കൊട്ടാരത്തിലേക്ക് മടങ്ങി മിനിറ്റുകൾക്ക് ശേഷമാണ് സംഭവം. ചാൾസും കാമില രാജ്ഞിയും സഞ്ചരിച്ച ഗോൾഡ് സ്റ്റേറ്റ് കോച്ചിന് തൊട്ടുപിന്നിൽ രാജാവിന്റെ റോയൽ ഹൗസ് ഹോൾഡിലെ ഒരു അംഗവുമായി കുതിര ഇടിച്ചതായി ന്യൂയോർക്ക് പോസ്റ്റ് റിപ്പോർട്ട് ചെയ്തു.



കുതിരയുടെ നിയന്ത്രണം വിട്ടതോടെ ആളുകളും കുറച്ച് ഭയന്നുപോയി. സംഭവത്തിൽ പരിക്കുകൾ പ്രതീക്ഷിച്ചതിനാൽ സൈനിക ഉദ്യോഗസ്ഥർ സംഭവസ്ഥലത്തേക്ക് ഒരു സ്ട്രെച്ചർ കൊണ്ടുവന്നതായി വെയിൽസ് ഓൺലൈൻ റിപ്പോർട്ട് ചെയ്തു – എന്നാൽ ആർക്കും അത് ആവശ്യമായി വന്നിട്ടില്ല. ഒരു റിപ്പോർട്ട് അനുസരിച്ച്, പൊതുജനങ്ങൾ ഇതിന് പിന്നിൽ നിൽക്കുകയും വഴിയിൽ നിന്നു രക്ഷപ്പെടുകയും ചെയ്തു, സംഭവത്തിൽ ആർക്കും പരിക്കേറ്റിട്ടില്ലെന്നാണ് കരുതുന്നത്. ബെക്കിംഗ്ഹാം കൊട്ടാരത്തിൽ നിന്നും ഘോഷയാത്രയായിട്ടാണ് ചാൾസും ഭാര്യ കാമിലയും വെസ്റ്റ് മിൻസ്റ്റർ ആബെയിലേക്ക് എത്തിയത്. 6000 ബ്രിട്ടീഷ് സൈനികരാണ് കിരീടധാരണ ഘോഷയാത്രയിൽ പങ്കെടുത്തത്. കഴിഞ്ഞ 70 വർഷത്തിനിടയിൽ ലണ്ടനിൽ നടന്ന ഏറ്റവും വലിയ സൈനിക വിന്യാസം കൂടിയായിരുന്നു ചാൾസിന്റെ കിരീടധാരണ ചടങ്ങ്.

വെസ്റ്റ് മിൻസ്റ്റർ ആബെയിൽ വെച്ച് ആയിരുന്നു ചടങ്ങ് നടന്നത്. ലോകം കാത്തിരുന്ന ചടങ്ങുകളിലേക്ക് 2000 പേർക്കായിരുന്നു ക്ഷണം ലഭിച്ചത്. ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനക്, ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി ആൽബനീസ്, ഇന്ത്യയുടെ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, ഭാര്യ സുദേഷ് ധൻകർ എന്നിവരും ഈ ചടങ്ങിൽ പങ്കെടുത്തു.

# 'കേരളത്തിൽ പത്തിലേറെപ്പേർ മരിക്കുന്ന ബോട്ടപകടം ഉണ്ടാകും'; മുരളി തുമ്മാരുകുടി ഒരുമാസം മുമ്പെ പ്രവചിച്ചു

മലപ്പുറം: താനൂർ ഒട്ടുമ്പ്രം തൂവൽതീരം ബീച്ചിൽ വിനോദസഞ്ചാരികൾ സഞ്ചരിച്ച ബോട്ട് മറിഞ്ഞ് 22 പേർ മരിച്ച പശ്ചാത്തലത്തിൽ ചർച്ചയായി ദുരന്ത പ്രത്യാഘാത നിവാരണ തലവൻ മുരളി തുമ്മാരുകുടിയുടെ പഴയ പോസ്റ്റ്. ഏപ്രിൽ ഒന്നിന് കേരളത്തിൽ വൈകാതെ പത്തിലേറെ പേർ മരിക്കുന്ന ഒരു ബോട്ട് അപകടം സംഭവിക്കും എന്ന് മുരളി തുമ്മാരുകുടി ഫേസ്ബുക്ക് പോസ്റ്റിൽ പറഞ്ഞിരുന്നു.


മുരളി തുമ്മാരുകുടിയുടെ വാക്കുകള് വീണ്ടും സത്യമായി. കൊട്ടാരക്കരയിൽ പ്രതിയുടെ കുത്തേറ്റ് ഡോക്ടര് കൊല്ലപ്പെട്ട സംഭവത്തിന് പിന്നാലെ ദുരന്ത നിവാരണ വിദഗ്ധനായ മുരളി തുമ്മാരുകുടിയുടെ വാക്കുകൾ ചർച്ചയാകുന്നു. സമാനമായ ഒരു മരണം അദ്ദേഹം ഏപ്രിൽ ഒന്നിലെ ഫേസ്ബുക്ക് പോസ്റ്റിൽ സൂചിപ്പിച്ചിരുന്നു. കേരളത്തിലെ ആരോഗ്യ പ്രവർത്തകര് നേരിടുന്ന അക്രമം സൂചിപ്പിച്ചായിരുന്നു അന്നത്തെപോസറ്റ്.

എന്നാണ് കേരളത്തിൽ വലിയൊരു ഹൗസ് ബോട്ടപകടം ഉണ്ടാകാൻ പോകുന്നത് എന്നും കേരളത്തിൽ പത്തിലേറെ പേർ ഒരു ഹൗസ്ബോട്ടപകടത്തിൽ മരിക്കാൻ പോകുന്നത് ഏറെ വൈകില്ല എന്നുമാണ് പ്രസ്തുത ഫേസ്ബുക്ക് പോസ്റ്റിൽ മുരളി തുമ്മാരുകുടി പറഞ്ഞിരുന്നത്. ഹൗസ്ബോട്ട് ടൂറിസം രംഗത്തെ അപകടസാധ്യത അവലോകനം ചെയ്തു കൊണ്ടായിരുന്നു അദ്ദേഹത്തിന്റെ നിരീക്ഷണം.

കോഴിക്കോട് മുതൽ കൊല്ലം വരെയുള്ള നദികളിലും കായലുകളിലും ഇപ്പോൾ എത്ര ഹൗസ്ബോട്ടുകളുണ്ട് എന്ന് മുരളി ചോദിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ആർക്കും ഒരു കണക്കുമില്ലെന്നും അദ്ദേഹം വിശദീകരിക്കുന്നു. ടൂറിസം ബോട്ട് ഉടമകളും സർക്കാർ സംവിധാനവും ഒരുമിച്ച് പ്രവർത്തിച്ചാൽ ഈ രംഗത്ത് കൂടുതൽ പ്രൊഫഷണലിസം കൊണ്ടുവരാൻ സാധിക്കില്ലേ എന്നും അദ്ദേഹം ചോദിക്കുന്നു.

**മുരളി തുമ്മാരുകുടിയുടെ ഫേസ്ബുക്ക് പോസ്റ്റിലെ പൂർണരൂപം:** എന്നാണ് കേരളത്തിൽ വലിയ ഒരു ഹൗസ്ബോട്ട് അപകടം ഉണ്ടാകാൻ പോകുന്നത്? പ്രളയം ആയാലും മുങ്ങി മരണം ആണെങ്കിലും മുൻകൂർ പ്രവചിക്കുക എന്നതാണല്ലോ എന്റെ രീതി. അപ്പോൾ ഒരു പ്രവചനം നടത്താം. കേരളത്തിൽ പത്തിലേറെ പേർ ഒരു ഹൗസ്ബോട്ട് അപകടത്തിൽ മരിക്കാൻ പോകുന്നത് ഏറെ വൈകില്ല. എന്തുകൊണ്ടാണ് ഇത്തരത്തിൽ ഒരു പ്രവചനം നടത്തുന്നത്? ഞാൻ ഒരു കാര്യം മുൻകൂട്ടി പറയുമ്പോൾ അതൊരു ജ്യോതിഷ പ്രവചനമോ ഊഹമോ അല്ല. ആ രംഗത്തെ അപകട സാധ്യത അവലോകനം ചെയ്യുന്നു, മുൻകരുതലുകൾ ശ്രദ്ധിക്കുന്നു, ചെറിയ അപകടങ്ങളുടെ ട്രെൻഡ് നിരീക്ഷിക്കുന്നു. സ്ഥിരമായി മദ്യപിച്ച് ബൈക്ക് ഓടിക്കുന്ന പയ്യൻ റോഡപകടത്തിൻ പെടും എന്ന് പ്രവചിക്കാൻ ജ്യോത്സ്യം വേണ്ട. ഒരുദാഹരണം പറയാം: മാസത്തിൽ അഞ്ച് ആരോഗ്യ പ്രവർത്തകരാണ് കേരളത്തിൽ രോഗികളുടെയോ ബന്ധുക്കളുടെയോ അക്രമത്തിന് ഇരയാകുന്നത്.

ഭാഗ്യവശാൽ ഇതുവരെ ഇത്തരത്തിൽ ഒരു മരണം ഉണ്ടായിട്ടില്ല. അത് ഭാഗ്യം മാത്രമാണ്. അത്തരത്തിൽ ഒരു മരണം ഉണ്ടാകും, നിശ്ചയമാണ്. ഇപ്പോൾ, 'ചില ഡോക്ടർമാർ അടി ചോദിച്ചു വാങ്ങുകയാണ്' എന്നൊക്കെ പറയുന്നവർ അന്ന് മൊത്തമായി കളം മാറും. സമൂഹത്തിൽ വലിയ എതിർപ്പ് ഉണ്ടാകും, മാധ്യമങ്ങൾ ചർച്ച നടത്തും, മന്ത്രിമാർ പ്രസ്താവിക്കും, കോടതി ഇടപെടും, പുതിയ നിയമങ്ങൾ ഉണ്ടാകും. ആരോഗ്യ പ്രവർത്തകരുടെ നേരെയുള്ള അക്രമങ്ങൾ കുറച്ചു നാളത്തേക്കെങ്കിലും കുറയും. അപ്പോഴേക്കും ഒരാളുടെ ജീവൻ പോയിരിക്കും എന്നുമാത്രം. ഒന്നിൽ കൂടുതൽ ആളുകളുടെ ജീവൻ പോകാൻ പോകുന്ന ഒരപകട സാധ്യതയെപ്പറ്റി ഇന്ന് പറയാം; അത് നമ്മുടെ ഹൗസ്ബോട്ട് ടൂറിസം രംഗത്തെപ്പറ്റിയാണ്. ഇന്നിപ്പോൾ കേരളത്തിലെ ഏറ്റവും പ്രശസ്തമായ ടൂറിസം പ്രോഡക്ടാണ് ഹൗസ്ബോട്ട്. കോഴിക്കോട് മുതൽ കൊല്ലം വരെയുള്ള നദികളിലും കായലുകളിലും ഇപ്പോൾ ഹൗസ്ബോട്ടുകൾ ഉണ്ട്. കേരളത്തിൽ എത്ര ഹൗസ്ബോട്ടുകൾ ഉണ്ട്? ആ...? ആർക്കും ഒരു കണക്കുമില്ല. ഒരു ടാക്സി വിളിക്കാൻ പോലും ഉബറും ഓലയും ഉള്ള നാട്ടിൽ കേരളത്തിലെ ഹൗസ്ബോട്ട് സംവിധാനങ്ങളെ കൂട്ടിയിണക്കി എന്തുകൊണ്ടാണ് ഒരു ബുക്കിങ് സംവിധാനം ഇല്ലാത്തത്? പണ്ടൊക്കെ മദ്രാസിൽ ട്രെയിൻ ഇറങ്ങുമ്പോൾ ലോഡ്ജുകളുടെ ഏജന്റുമാർ പ്ലാറ്റ്ഫോം തൊട്ട് ഉണ്ടാകും.



മുരളി തുമ്മാരുകുടി

ഇപ്പോൾ മൊബൈൽ ആപ്പുകൾ വന്നപ്പോൾ അവരെയൊന്നും എങ്ങും കാണാനില്ല. എന്നാൽ ആലപ്പുഴയിൽ ഹൗസ്ബോട്ട് ജെട്ടിയിലേക്കുള്ള വഴിയിൽ മൊത്തം ഇത്തരം ഏജന്റുമാരാണ്. ബോട്ടുകളുടെ ലഭ്യതയെപ്പറ്റി, റേറ്റിനെപ്പറ്റി, റേറ്റിങ്ങിനെപ്പറ്റിയൊക്കെ റിയൽ ടൈം ഇൻഫോർമേഷൻ നൽകാനുള്ള ഒരു ആപ്ലിക്കേഷൻ എന്തുകൊണ്ടാണ് ഒരു സ്റ്റുഡന്റ് പ്രോജക്ട് ആയി പോലും ഉണ്ടാകാത്തത്? പക്ഷെ എന്റെ വിഷയം അതല്ല. പല പ്രാവശ്യം ഹൗസ്ബോട്ടിൽ പോയിട്ടുണ്ട്, മനോഹരമാണ്. പക്ഷെ, ഒരിക്കൽ പോലും ഹൗസ്ബോട്ടിൽ ചെല്ലുമ്പോൾ ഒരു സേഫ്റ്റി ബ്രീഫിങ് ലഭിച്ചിട്ടില്ല. ഈ ഹൗസ്ബോട്ടിലെ ഡ്രൈവർമാർക്ക് ആരെങ്കിലും സുരക്ഷാ പരിശീലനം നൽകിയിട്ടുണ്ടോ? ഒരു വിമാനത്തിൽ കയറുമ്പോൾ, അല്ലെങ്കിൽ ക്രൂസ് ഷിപ്പിൽ കയറുമ്പോൾ ലഭിക്കുന്ന സേഫ്റ്റി ബ്രീഫിങ് പോലെ ഒന്ന് എന്തുകൊണ്ടാണ് നമുക്ക് ഹൗസ്ബോട്ടിൽ ഇല്ലാത്തത്? നൂറിലധികം ആളുകളുമായി ഒഴുകുന്ന പാർട്ടി ബോട്ടുകൾ ആലപ്പുഴയിൽ കണ്ടു, ഒരപകടം ഉണ്ടായാൽ എത്രപേർ ബാക്കി ഉണ്ടാകും? കേരളത്തിലെ കഥകളിരൂപങ്ങൾ ഉപയോഗിച്ച് ഒരു എയർലൈൻ സേഫ്റ്റി വീഡിയോ കണ്ടിട്ടുണ്ട്. അത്തരത്തിൽ ക്രിയേറ്റീവ് ആയ ഒരു ടൂറിസം ബോട്ട് സേഫ്റ്റി വീഡിയോ എല്ലാ ബോട്ടുകളിലും നിർബന്ധമാക്കേണ്ടേ? ഹൗസ്ബോട്ടിലെ ഭക്ഷണം ആണ് അതിന്റെ പ്രധാന ആകർഷണം. ബോട്ടിൽ തന്നെയാണ് ഭക്ഷണം ഉണ്ടാക്കുന്നത്. ഹൗസ്ബോട്ട് മൊത്തം എളുപ്പത്തിൽ കത്തിത്തീരാവുന്ന വസ്തുക്കൾ ആണ്. ഒരപകടം ഉണ്ടാകാൻ വളരെ ചെറിയ അശ്രദ്ധ മതി. അപകടങ്ങൾ ഉണ്ടാകുന്നുമുണ്ട്. ടൂറിസം ബോട്ടുകളിലെ അപകടങ്ങളിൽ (ഹൗസ്ബോട്ട്, പാർട്ടിബോട്ട്, ശിക്കാര എല്ലാം കൂട്ടിയാണ് പറയുന്നത്) ആളുകൾ മരിക്കുന്നുണ്ട്. ഹൗസ്ബോട്ടിൽ അഗ്നിബാധകൾ ഉണ്ടാകുന്നുണ്ട്. ഇത്തരം ബോട്ടുകൾ കായലിന്റെ നടുക്ക് മുങ്ങാൻ പോകുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. ഒറ്റക്കൊറ്റയ്ക്കായി ആളുകൾ മരിക്കുന്നുമുണ്ട്. ഇത്തരം ചെറിയ ചെറിയ അപകടങ്ങളും അപകട സാഹചര്യങ്ങളും ശ്രദ്ധിച്ചാണ് വലുതെന്തോ വരാനുണ്ടെന്ന് ഞങ്ങൾ പ്രവചിക്കുന്നത്. പത്തു പേർ മരിച്ച സംഭവം ഇതുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ ഇതൊന്നും വാർത്തയാകുന്നില്ല, ചർച്ചയാകുന്നില്ല, അധികാരികളുടെ ശ്രദ്ധ അങ്ങോട്ട് തിരിയുന്നുമില്ല. എന്നാൽ അതുണ്ടാകും. ലൈസൻസ് ഇല്ലാത്ത ബോട്ടുകൾ അനവധി ഉണ്ടായിരുന്നു എന്ന് കണ്ടെത്തും. പരിശീലനം ഇല്ലാത്ത ഡ്രൈവർമാർ ഉണ്ടായിരുന്നു എന്ന് വാർത്ത വരും. ടൈറ്റാനിക്കിലെ പോലെ ആവശ്യത്തിന് വ്യക്തി സുരക്ഷാ ഉപകരണങ്ങൾ ഇല്ലായിരുന്നു എന്ന് കണ്ടെത്തും. മാധ്യമങ്ങളിൽ 'ഡ്രൈവർ മദ്യപിച്ചിരുന്നത്രേ' വരും. ഹൗസ്ബോട്ട് സുരക്ഷാ വിദഗ്ദ്ധരുടെ വലിയ സംഘം ചാനലുകളിൽ പറന്നിറങ്ങും. ബോട്ട് സുരക്ഷയെപ്പറ്റി 'ആസ്ഥാനദുരന്തൻ ഒന്നും പറഞ്ഞില്ല' എന്നുള്ള കുറ്റപ്പെടുത്തൽ ഉണ്ടാകും.

കളക്ടറോ മന്ത്രിയോ ഹൗസ്ബോട്ടുകൾ ഉടൻ 'നിരോധിക്കും.' കുറച്ചു നാളേക്ക് നാട്ടുകാരും മറുനാട്ടുകാരും ഇത്തരം ബോട്ടുകളിൽ കയറാതാകും. അവസരം നോക്കി ശ്രീലങ്കയോ ഐവറികോസ്റ്റോ ഹൗസ്ബോട്ട് ടൂറിസത്തിൽ മേൽക്കൈ നേടും. അതൊക്കെ വേണോ?

ഇപ്പോൾ ടൂറിസം ബോട്ട് ഉടമകളും സർക്കാർ സംവിധാനവും ഒരുമിച്ച് പ്രവർത്തിച്ചാൽ ഈ രംഗത്ത് കൂടുതൽ പ്രൊഫഷണലിസം കൊണ്ടുവരാൻ സാധിക്കില്ലേ? മുരളി തുമ്മാരുകുടി (കഴിഞ്ഞ ദിവസം മാധ്യമങ്ങളെ കുറ്റപ്പെടുത്തി എഴുതിയ ലേഖനത്തിന് രണ്ടുലക്ഷത്തിന് മുകളിൽ റീച്ച് കിട്ടിയപ്പോൾ ജലസുരക്ഷയെപ്പറ്റിയുള്ള പോസ്റ്റിന് ഇരുപതിനായിരം എത്തിയില്ല. ഒരപകടം കഴിഞ്ഞായിരുന്നെങ്കിൽ പോസ്റ്റ് പറന്നേനേ. അതുപോലെ തന്നെ ഈ പോസ്റ്റിന് എന്തെങ്കിലും റീച്ച് കിട്ടുമോ എന്നറിയില്ല, എന്നാലും പറയേണ്ടത് പറയേണ്ട സമയത്ത് പറഞ്ഞേക്കാം.)

# ഗാന്ധിപുരത്തുകാർ ഞെട്ടി, പിന്നെ സെൽഫിക്കായി ബഹളം; കോയമ്പത്തൂരിന് ആദ്യ വനിതാ ബസ് ഡ്രൈവർ

കോയമ്പത്തൂർ: ഗാന്ധിപുരം ടൗൺ ബസ്സ്റ്റാന്റിലെ യാത്രക്കാർ ആ കാഴ്ച്ച കണ്ട് ഒന്ന് അമ്പരന്നു. പിന്നീട് സംശയം മാറാതെ ഒന്നുകൂടി നോക്കി. അതോടെ സംശയം മാറി മുഖത്തൊരു പുഞ്ചിരിയായി. ഒരു യുവതിയുണ്ട് ഇവിടെയുള്ള സ്വകാര്യബസ് ഓടിക്കാൻ റെഡിയായി നിൽക്കുന്നതായിരുന്നു ആ കാഴ്ച്ച. ഈ അത്ഭുത നോട്ടത്തിന് കാരണം വേറെയുണ്ട്. ഗാന്ധിപുരത്ത് ഒരിക്കലും ബസ് പോലുള്ള ഹെവിവാഹനങ്ങൾ ഒരു പെൺകുട്ടി ഓടിക്കുന്നത് ഇന്നേവരെ ആരും കണ്ടിട്ടില്ല.

അതൊരു അത്ഭുതകാഴ്ച്ച തന്നെയായിരുന്നു. 24-കാരിയായ ശർമിളയാണ് വളയം പിടിക്കാനെത്തിയത്. അത്ഭുതം കണ്ട ഉടനെ നാട്ടുകാർ ഇവർക്ക് ചുറ്റും കൂടി. ഒരു സെൽഫി എടുക്കാനായിരുന്നു ആ തിരക്ക്. ശർമിളയ്ക്ക് ആദ്യദിനം തന്നെ മറക്കാനാവാത്തതായിരുന്നു. ഇങ്ങനെയൊരു സ്വീകരണം അവർ സ്വപ്നത്തിൽ പോലും വിചാരിച്ചിട്ടിലായിരുന്നു. വാടവല്ലിയിലെ തിരുവള്ളുവർ നഗർ സ്വദേശിയാണ് ശർമിള.

മലയാളി പശ്ചാത്തലവും അവർക്കുണ്ട്. ഗാന്ധിപുരം ബസ്സ്റ്റാന്റിൽ നിന്ന് സോമനൂരിലേക്കുള്ള ടൗൺബസ്സിന്റെ ഡ്രൈവറാണ് ശർമിള. അഞ്ചുവർഷമായി പക്ഷേ, ശർമിള ഡ്രൈവിംഗ് രംഗത്തുണ്ട്. ഈ റൂട്ടിൽ ഇത് ആദ്യമായിട്ടാണെന്ന് മാത്രം. 12 സിംഗിൾ സർവീസ് പൂർത്തിയാക്കി വീട്ടിലെത്തിയ ശർമിളയ്ക്ക് പക്ഷേ , വിശ്വസിക്കാനാവാത്ത കാര്യങ്ങളായിരുന്നു സംഭവിച്ചത്.




സ്വകാര്യബസ് ഡ്രൈവർ ശർമിള

സോഷ്യൽ മീഡിയയിലെ ചർച്ച തന്നെക്കുറിച്ച് മാത്രമാണെന്ന് അപ്പോൾ മാത്രമാണ് ശർമിള അറിഞ്ഞത്. ആ സ്വീകരണത്തിൽ ശരിക്കും സ്തബ്ധയായിപ്പോയി. ഒരുപാട് പേർ എന്നെ അഭിനന്ദിച്ചു, എനിക്കൊപ്പം അവർ സെൽഫിയെടുത്തു. ശരിക്കും അഭിമാനം തോന്നുന്നുവെന്നും ശർമിള പറഞ്ഞു. ഫാർമസിയിൽ ഡിപ്ലോമയുള്ള ഡ്രൈവർ കൂടിയാണ് ശർമിള. ഡ്രൈവിംഗ് എന്ന് പറഞ്ഞാൽ ശർമിളയ്ക്ക് വലിയ ആവേശമാണ്.

നേരത്തെ ഇവർ ഒരു ഓട്ടോറിക്ഷാ ഡ്രൈവറായിരുന്നു. ടാക്സിയും ഓടിച്ചിട്ടുണ്ടെന്ന് ശർമിള പറയുന്നു. ഹെവി വാഹനങ്ങളുടെ ലൈസൻസ് സ്വന്തമാക്കിയ ശേഷമാണ് ശർമിള ബസ് ഓടിക്കാനെത്തിയത്. വെല്ലുവിളി നിറഞ്ഞ ജോലിയാണിത്. ഒരുപാട് യാത്രക്കാർ എന്റെ ഡ്രൈവിംഗ് കഴിവിനെ അഭിനന്ദിച്ചുവെന്നും അവർ പറഞ്ഞു. ഗാന്ധിപുരത്ത് നിന്ന് സോമനൂരിലേക്കുള്ള സർവീസാണ് കോയമ്പത്തൂരിൽ ശർമിളയെ കാത്തിരുന്നത്. തന്റെ ഓട്ടോ ഡ്രൈവറായ പിതാവാണ് എന്നെ ഡ്രൈവറാവാൻ സഹായിച്ചത്.

ദീർഘകാലമായി ഒരു ബസോടിക്കണമെന്ന് കരുതിയിരുന്നു. ആ സ്വപ്നമാണ് യാഥാർത്ഥ്യമായത്. പുരുഷന്മാർക്ക് മാത്രമല്ല, സ്ത്രീകൾക്കും മികച്ച രീതിയിൽ ബസ് ഓടിക്കാനാവുമെന്നും ശർമിള പറഞ്ഞു. ഷൊർണൂർ മാരിയമ്മൻ ക്ഷേത്രത്തിന് സമീപമുള്ള സരോജിനി-മുരുകേശൻ ദമ്പതികളുടെ മകളാണ് ശർമിള. മലയാളവും അവർക്ക് പറയാൻ അറിയാം. ഏഴാംക്ലാസ് മുതൽ അച്ഛന്റെ ഓട്ടോറിക്ഷയിലായിരുന്നു ഡ്രൈവിംഗ് പരിശീലനം. തൃശൂർ സ്വദേശിനി ടാങ്കർ ലോറി ഓടിക്കുന്നത് കണ്ടതാണ് ശർമിളയ്ക്ക് പ്രചോദനമായത്.

# തമിഴ്നാടിന് ഭീഷണിയായി അരിക്കൊമ്പൻ; കൃഷി നശിപ്പിക്കാൻ ശ്രമം



തമിഴ്നാടിനെ ഭീതിയിലാക്കി അരിക്കൊമ്പൻ വീണ്ടും ജനവാസമേഖലയിൽ. കഴിഞ്ഞ ദിവസം രാത്രിയാണ് ആന തമിഴ്നാട് അതിർത്തി മേഖലയായ ഹൈവേഡ്സാമിന് സമീപം ഇറങ്ങിയത്. ഇവിടങ്ങളിലെ കൃഷി നശിപ്പിക്കാൻ അരിക്കൊമ്പൻ ശ്രമിച്ചു. പിന്നാലെ തൊഴിലാളികളും വനപാലകരും ചേർന്ന് ആനയെ കാട്ടിലേക്ക് തുരത്തുകയായിരുന്നു.

തമിഴ്നാട് വനമേഖലയിലാണ് അരിക്കൊമ്പൻ ഇപ്പോഴുള്ളത്. തമിഴ്നാട് വനമേഖലയോട് ചേർന്ന് ജനവാസമുള്ള മേഘമലയിൽ പല തവണയാണ് അരിക്കൊമ്പൻ ഇറങ്ങിയത്. മഴമേഘങ്ങൾ കാരണം ഇപ്പോൾ അരിക്കൊമ്പന്റെ സിഗ്നൽ ലഭിക്കുന്നില്ല.

# മാഹേർ ഫൗണ്ടർ ഡയറക്ടർ സിസ്റ്റർ ലൂസി കുര്യന് നാലാം പ്രാവശ്യവും അപൂർവ ബഹുമതി

കൊച്ചി:ഓസ്ട്രിയ ആസ്ഥാനമായ "ഊം 100" മാഗസിൻ രാജ്യാന്തരതലത്തിൽ നടത്തിയ വോട്ടെടുപ്പിൽ 2022-ലെ ലോകത്തെ ഏറ്റവും സ്വാധീന ശക്തിയുള്ള 100 പേരിൽ ഒരാളായി മാഹേർ ഫൗണ്ടർ ഡയറക്ടർ സിസ്റ്റർ ലൂസി കുര്യനെ നാലാം പ്രാവശ്യവും തെരഞ്ഞെടുത്തു. 2018, 2019, 2020 എന്നീ വർഷങ്ങളിലും സിസ്റ്റർ ലൂസി കുര്യൻ ഈ അപൂർവ ബഹുമതിക്ക് അർഹയായിരുന്നു.



കണ്ണൂർ ജില്ലയിൽ കോളയാട് വാക്കച്ചാലിൽ കുടുംബത്തിലെ സിസ്റ്റർ ലൂസി കുര്യൻ 1997-ൽ പൂണെ ആസ്ഥാനമായി മാഹേർ (അമ്മവീട്) സ്ഥാപിച്ചത്. ജാതി-മത-കക്ഷി -രാഷ്ട്രീയ ചിന്തകൾക്കതീതമായ ഒരു സർവ്വമത ജനകീയ പ്രസ്ഥാനമാണ് മാഹേർ. മഹാരാഷ്ട്രയിൽ പൂണെ ആസ്ഥാനമായി പ്രവർത്തിക്കുന്ന മാഹേർ പ്രസ്ഥാനം ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിലായി നിരാലംബരും നിരാശ്രയരുമായ സ്ത്രീകൾക്കും, കുട്ടികൾക്കും, മാനസിക രോഗികൾക്കും മുതിർന്ന പൗരന്മാർക്കും സംരക്ഷണം നൽകുന്നു. വിവിധ തരത്തിലുള്ള 25 പ്രോജക്ടുകളിലൂടെ 68 ഭവനങ്ങളിലായി രണ്ടായിരത്തോളം പേർക്ക് മാഹേർ അഭയം നൽകുന്നു. ഇവർക്കെല്ലാം താമസം, ഭക്ഷണം, വിദ്യാഭ്യാസം, വൈദ്യസഹായം എന്നിവയും സൗജന്യമായി നൽകിവരുന്നു.

# 25 രൂപയുണ്ടായിരുന്നിടത്ത് നിന്ന് 1000–10000 രൂപ വരെ പിഴ; ആധാർ തിരുത്ത് കർശനമാക്കി

തിരുവനന്തപുരം: ആധാർ കാർഡിലെ തിരുത്തലുകളിൽ കർശന മാനദണ്ഡങ്ങൾ നടപ്പിലാക്കാൻ യൂണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ. ആധാർ കാർഡിലെ മേൽവിലാസം തിരുത്താൻ മാത്രമെ ഇനി മുതൽ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം സ്വീകരിക്കൂ. മറ്റെല്ലാ തിരുത്തലുകൾക്കും മതിയായ അസ്സൽ രേഖകൾ സമർപ്പിക്കണം എന്നാണ് യൂണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദ്ദേശം.

ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷയിലോ രേഖയിലോ അക്ഷരത്തെറ്റോ മാറ്റിയെഴുത്തോ മങ്ങലോ മായ്ക്കലോ ഉണ്ടെങ്കിൽ ആധാർ സേവനകേന്ദ്രത്തിൽ മുൻപ് 25 രൂപയാണ് പിഴ ഈടാക്കിയിരുന്നത്. എന്നാൽ ഇനി മുതൽ ഇത് ആയിരം രൂപ ആയിരിക്കും. ആധാറുമായി ബന്ധപ്പെട്ട് സമർപ്പിക്കുന്ന അപേക്ഷയിലോ രേഖയിലോ തെറ്റായ കാര്യങ്ങളുണ്ടെങ്കിൽ സേവനകേന്ദ്രങ്ങളിൽ നിന്ന് 10000 രൂപയും പിഴ ഈടാക്കും.

കൂടാതെ സേവനദാതാവിന്റെ ലൈസൻസ് ഒരുവർഷത്തേക്ക് റദ്ദാക്കുകയും ചെയ്യും. പഴയകാലത്തെ എസ്.എസ്.എൽ.സി. ബുക്കിലെ അക്ഷരങ്ങളുടെ മങ്ങലും മായലും, വോട്ടർ തിരിച്ചറിയൽ കാർഡിലെ അവ്യക്തത തുടങ്ങിയവയും തെറ്റായ വിവരങ്ങളായി കണക്കാക്കിയാണ് പിഴയിടുക. അതേസമയം നിബന്ധനകൾ കർശനമാക്കിയത് അറിയാതെ സേവനം നടത്തിയ നിരവധി പേർക്ക് ലൈസൻസ് നഷ്ടമായിട്ടുണ്ട്.

ഉപജീവനത്തിനായി അക്ഷയകേന്ദ്രങ്ങളും സമാന സേവനസ്ഥാപനങ്ങളും ആരംഭിച്ച ഭിന്നശേഷിക്കാരായവർ ഇതോടെ പ്രതിസന്ധിയിലാണ്. ആധാർ ദുരുപയോഗം തടയാനാണ് യൂണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ നടപടിക്രമങ്ങൾ കർശനമാക്കിയത്. ഒരു ആധാർ സേവനത്തിന് യൂണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ നൽകുന്ന പ്രതിഫലം 36 രൂപയാണ് എന്നിരിക്കെയാണ് തെറ്റിപ്പോയാൽ പിഴ 1,000 മുതൽ 10,000 വരെ ഈടാക്കുന്നത്.

തിരിച്ചറിയൽ രേഖ എന്ന നിലയിൽ വളരെയധികം ആധികാരികതയുള്ള ഒന്നാണ് ആധാർ കാർഡ് എന്നതിനാൽ തന്നെ ആധാർ സംബന്ധിച്ച ദുരുപയോഗങ്ങൾ പൂർണമായി തടയുക എന്നതാണ് യൂണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ ലക്ഷ്യമിടുന്നത്. അതിനിടെ ആധാർ കാർഡ് എടുത്ത് 10 വർഷം കഴിഞ്ഞവർ വിവരങ്ങൾ പുതുക്കണമെന്ന് യൂണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിരുന്നു.

ജനനത്തീയതി, പേരുവിവരങ്ങളിലെ തെറ്റുകൾ, വിലാസം തുടങ്ങിയവ തിരുത്താനുള്ളവർക്കും സേവനം സൗജന്യമായി 2023 മാർച്ച് 15 മുതൽ ജൂൺ 15 വരെ ഉപയോഗിക്കാം. അതിന് ശേഷം 50 രൂപ നൽകി വേണം തിരുത്തലുകൾ നടത്താൻ. ഓൺലൈൻ മുഖാന്തരം സ്വന്തമായി ആധാർ വിവരങ്ങൾ പുതുക്കുന്നവർക്കാണ് ജൂൺ 15 വരെ സൗജന്യസേവനം ലഭിക്കുക. ഈ സമയപരിധിയ്ക്കിടയിൽ സേവനകേന്ദ്രങ്ങളെ സമീപിക്കുന്നവർ ഫീസ് നൽകണം.







# ലോകത്തിലെ ഏറ്റവും വില കൂടിയ മാങ്ങ വില കേട്ടവരൊക്കെ ഞെട്ടി

ലോകത്തെ ഏറ്റവും വില കൂടിയ മാമ്പഴം ഉത്പാദിപ്പിക്കുന്ന കർഷകൻ ആരാണെന്ന് അറിയാമോ? അതിനു മുമ്പ് ആ മാമ്പഴത്തിന്റെ വില എത്രയാണെന്ന് ഒന്ന് പറയാനാകുമോ? ഈ മാമ്പഴത്തിന്റെ വില കേട്ടാൽ നിങ്ങൾ ഞെട്ടുമെന്ന കാര്യം ഉറപ്പാണ്. ഈ മാമ്പഴം ഉത്പാദിപ്പിക്കുന്നത് ജപ്പാനിലെ ഹിരോയുകി നകഗാവ ആണ്.



ജപ്പാനിലെ ഹോക്കൈഡോ ദ്വീപിലെ ഒട്ടോഫുക്ക് എന്ന സ്ഥലത്തെ തന്റെ തോട്ടത്തിൽ അദ്ദേഹം ഈ സ്വർണ വിലയുള്ള മാങ്ങ പറിച്ച് പായ്ക്ക് ചെയ്യുകയാണ്. 62 വയസ്സാണ് അദ്ദേഹത്തിന്. മാമ്പഴത്തിന് ആവശ്യമുള്ള തണുപ്പിനായി സാങ്കേതിക സംവിധാനങ്ങൾ ഇവിടെയുണ്ട്. കീടനാശിനി ഇല്ലാതെയാണ് ഇദ്ദേഹം മാങ്ങ ഉത്പാദിപ്പിക്കുന്നത്. ഇനി ഇതിന്റെ വില എത്രയാണെന്ന് അറിഞ്ഞാലോ... ആദ്യമായിട്ടായിരിക്കാം ഒരുപക്ഷേ ഇത്രയും വിലയുള്ള മാമ്പഴത്തെക്കുറിച്ച് നിങ്ങൾ കേൾക്കുന്നത്.

മാമ്പഴകേക്ക് നിർമ്മിക്കാനടക്കം ഈ മാമ്പഴം ഉപയോഗിക്കുന്നുണ്ട്. ആദ്യം താൻ പറയുന്നത് ആരും വിശ്വസിച്ചിരുന്നില്ലെന്നും എന്നാൽ പിന്നീടാണ് ബോധ്യമായതെന്നും ഇദ്ദേഹം പറയുന്നു. പ്രകൃതിയിൽ നിന്നും പ്രകൃതിദത്തമായ എന്തെങ്കിലും ഉണ്ടാക്കണമെന്ന ആലോചനയിൽ നിന്നാണ് തനിക്ക് ഈ ഐഡിയ ഉണ്ടായത് എന്നാണ് ഈ കർഷകൻ പറയുന്നത്. ആദ്യം അദ്ദേഹം എണ്ണ വ്യവസായത്തിലായിരുന്നു. അദ്ദേഹം വർഷങ്ങളോളം ആ വ്യവസായം ചെയ്തു. അതിനുശേഷമാണ് ഇദ്ദേഹം മാമ്പഴകൃഷി ചെയ്തിരുന്ന ആളുടെ സഹായത്തോടെ കൃഷിയിലേക്ക് തിരിഞ്ഞത്. അങ്ങനെയാണ് നകഗാവ ഫാം സ്ഥാപിക്കുന്നത്. നോറാ വർക്സ് ജപ്പാൻ എന്ന സ്റ്റാർട്ടപ്പ് തുടങ്ങുകയും ചെയ്തു. വർഷങ്ങൾക്ക് ശേഷം തന്റെ മാമ്പഴ ബ്രാൻഡ് ഹകുഗിൻ നോതയോ (സൺഡ ഇൻ ദിസ് നോ എന്നാണ് ഇതിന്റെ അർത്ഥം) എന്ന് ട്രേഡ് മാർക്ക് ചെയ്തു. കീടനാശിനികളുടെ ഉപയോഗം ഇല്ല. ഹോക്കൈഡോയിലെഊർപ്പംകുറഞ്ഞകാലാവസ്ഥയുംപൂപ്പൽനീക്കംചെയ്യുന്നരാസവസ്തുക്കളുടെആവശ്യകതകുറക്കുന്നു. ഇത്എങ്ങനെ നിർമ്മിക്കപ്പെടുന്നു എന്നതിന്റെ പുതുമയുള്ള ഘടകം ഉപഭോക്താക്കളെയും റീട്ടെയിലർമാരെയും ഒരുപോലെ കൗതുകപ്പെടുത്തുന്നു എന്നാണ് ഇദ്ദേഹം പറഞ്ഞത്. 2014-ൽ ഡിപ്പാർട്ട്മെന്റ് സ്റ്റോർ ഇസെറ്റൻ തന്റെ മാമ്പഴങ്ങളിൽ ഒന്നു ടോക്കിയോയിലെ ഷിൻജുകു ലൊക്കേഷനിൽ പ്രദർശിപ്പിച്ചു, പിന്നീട് അത് ഏകദേശം ●400-ന് വിറ്റു. ഒരു മാമ്പഴത്തിന് ഇത്രയധികം വില കിട്ടിയപ്പോൾ ഇത് വാർത്തകളിൽ ഇടം നേടി, കൂടുതൽ ശ്രദ്ധ നേടുകയും അത് ലഭിക്കാൻ പ്രയാസമുള്ള ഇനമായി മാറുകയും ചെയ്തു.

Vol No.10. N0. 3. Edited, Printed and Published by Sukumaran Kochukari at Ayodhya Printers, Elamakkara,Kochi. for Rashtra Deepika Press,Kochi. Chairman Eyamkodu Sreedharan, Chief Editor Suresh Babu K.R. Communication Address: Naveena Bhumi, 44/2149,Bosco building,kaloor, kochi-17. Ph:0484-2530306, Contact No. Mob:9447900314.